മലങ്കര സുറിയാനി കത്തോലിക്കാസഭ
തിരുവനന്തപുരം മേജർ അതിഭദ്രാസന

# ബുള്ളറ്റിൻ

വാല്യം 24 2019 ജൂൺ ലക്കം 6



അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ തിമോത്തിയോസ്
മെത്രാപ്പോലിത്താ തിരുമേനിയ്ക്ക് മേജർ അതിഭദ്രാസനത്തിന്റെ

## പ്രാർത്ഥനാഞ്ജലികൾ

# ഓർമ്മപ്പെരുന്നാൾ



ആബൂൻ യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ
(ജൂൺ 27)

# നാമഹേതുക തിരുനാളാശംസകൾ



ജേക്കബ് മാർ ബർണബാസ്
മെത്രാപ്പോലീത്താ
(ജൂൺ 11)



സാമുവൽ മാർ ഐറേനിയോസ്
മെത്രാപ്പോലീത്താ
(ജൂൺ 28)



വിൻസെന്റ് മാർ പൗലോസ്
മെത്രാപ്പോലീത്താ
(ജൂൺ 29)

# മലങ്കര സുറിയാനി കത്തോലിക്കാസഭ

## തിരുവനന്തപുരം മേജർ അതിഭദ്രാസന

# ബുള്ളറ്റിൻ

To Unite In Love

വാല്യം 24    2019 ജൂൺ    ലക്കം 6

തിരുവനന്തപുരം മേജർ അതിഭദ്രാസന
ബുള്ളറ്റിൻ

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
**മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കോസ്**
**മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് ബാവായിൽ**
നിന്നും നമ്മുടെ അധികാരത്തിൻകീഴിലുള്ള മേൽപ്പട്ടക്കാർക്കും
കോർഎപ്പിസ്ക്കോപ്പാമാർക്കും റമ്പാന്മാർക്കും പട്ടക്കാർക്കും
ശെമ്മാശ്ശഗണത്തിനും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്‌വ്.

Prot. No. CPL 2/2019

*സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും*
*സാരാംശത്തിൽ സമത്വമുള്ളവനുമായ ത്രീയേക ദൈവത്തിനു സ്തുതി.*

## പത്തനംതിട്ട - മൂവാറ്റുപുഴ ഭദ്രാസനങ്ങളിലെ ഭദ്രാസനാദ്ധ്യക്ഷന്മാരുടെ നിയമനവും സ്ഥാനാരോഹണവും

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, വന്ദ്യ റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

നല്ല ഇടയനായ ദൈവം തന്റെ അജഗണങ്ങളെ നയിക്കുന്നതിനും, വിശുദ്ധീകരിക്കുന്നതിനും, പഠിപ്പിക്കുന്നതിനും, അവയെ പേരുചൊല്ലി വിളിക്കുന്നതിനുമായി (യോഹ 10:1; മർക്കോ 3:13-15; അ.പ്ര. 20:28) കാലാകാലങ്ങളിൽ ശ്രേഷ്ഠരായ ഇടയന്മാരെ സഭയ്ക്ക് നൽകി അതിനെ പരിപാലിക്കുന്നു. മലങ്കര സുറിയാനി കത്തോലിക്കാസഭയെ സംബന്ധിച്ചിടത്തോളം അർത്ഥവത്തായ ഒരു കാര്യമാണിത്. ഇടയശുശ്രൂഷകൾക്ക് നൈയാമികമായ അതിർവരമ്പുകൾ സഭ നിശ്ചയിച്ചുറപ്പിച്ചിരിക്കുന്നു. പത്തനംതിട്ട ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലിത്ത, മൂവാറ്റുപുഴ ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഏബ്രഹാം മാർ യൂലിയോസ് മെത്രാപ്പോലിത്ത എന്നീ പിതാക്കന്മാർ 75-ാം വയസിലേക്ക് പ്രവേശിക്കുകയാണ്. കത്തോലിക്കാസഭയുടെ പൊതുനിയമപ്രകാരം 75 വയസ് പ്രഖ്യാപിത ശുശ്രൂഷകളിൽ നിന്നുള്ള വിരമിയ്ക്കലിന്റെ അവസരമായി നിശ്ചയിച്ചിരിക്കുന്നു. അതിൻപ്രകാരം നമ്മുടെ ഈ

രണ്ട് അഭിവന്ദ്യ പിതാക്കന്മാരും അവരുടെ ഔദ്യോഗിക ശുശ്രൂഷാ മണ്ഡലങ്ങളിൽനിന്നും വിരമിക്കുകയാണ് എന്ന് സഭാമക്കളേവരെയും ഞാനറിയിക്കുന്നു. ഈ അവസരത്തിൽ അഭിവന്ദ്യ പിതാക്കന്മാർക്ക് എല്ലാ ആശംസകളും, പ്രാർത്ഥനയും കൃതജ്ഞതയും സഭയുടെ പേരിൽ ഞാൻ നേരുകയാണ്. വിരമിതരാകുന്ന മെത്രാപ്പോലിത്താമാരെ സഭാ നിയമപ്രകാരം ബിഷപ്പ് എമിരിത്തൂസ് എന്നാണറിയപ്പെടുക.

**പത്തനംതിട്ട ഭദ്രാസനം :** തിരുവനന്തപുരം മേജർ അതിഭദ്രാസനം വിഭജിച്ച് പത്തനംതിട്ട ഭദ്രാസനം 2010 ജനുവരി 25-ന് നിലവിൽ വന്നു. 2010 മാർച്ച് 20-ന് പത്തനംതിട്ട ഭദ്രാസനത്തിന്റെ പ്രഥമ ഇടയനായി അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലിത്താ സ്ഥാനാരോഹിതനായി. പത്തനംതിട്ട ഭദ്രാസനാധ്യക്ഷനായുള്ള ഒൻപതു വർഷവും, മേല്പട്ട സ്ഥാനത്തുള്ള 21 വർഷവും, പൗരോഹിത്യ ജീവിതത്തിലെ 46 സംവത്സരങ്ങളും പിന്നിടുന്ന അഭിവന്ദ്യ പിതാവിന്റെ സഭാശുശ്രൂഷകളെ നന്ദിയോടെ ഓർക്കാനുള്ള അസുലഭാവസരം കൂടിയാണിത്. ലാളിത്യമാർന്ന ജീവിതത്തിലൂടെയും ത്യാഗപൂർവമായ പ്രാർത്ഥനയിലൂടെയും കഠിനാദ്ധ്വാനത്തിലൂടെയും തന്നെ ഭരമേൽപ്പിച്ച മേൽപ്പട്ട ശുശ്രൂഷ അഭിവന്ദ്യ പിതാവ് സ്തുത്യർഹമായി നിർവഹിച്ചു. ശൈശവദശയിലായിരുന്ന മാർത്താണ്ഡം ഭദ്രാസനത്തെയും, പത്തനംതിട്ട ഭദ്രാസനത്തെയും ഇന്ന് കാണുന്ന ഔന്നത്യങ്ങളിലേക്ക് ഉയർത്താൻ ദൈവം നിയോഗിച്ച ഇടയശ്രേഷ്ഠൻ. അതിന്റെ സത്ഫലങ്ങളായി അനേകം ദൈവാലയങ്ങളും, മിഷൻ സെന്ററുകളും, വിദ്യാഭ്യാസ-ആതുരാലയ കേന്ദ്രങ്ങളും ഈ രണ്ട് ഭദ്രാസനങ്ങളിലുമായി തലയെടുപ്പോടെ നിലനിൽക്കുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ശുശ്രൂഷാമേഖലകളെ ഈ പ്രദേശങ്ങളിൽ ധന്യമാക്കിയ അഭിവന്ദ്യ തിരുമേനിക്ക് സഭയുടെ പ്രാർത്ഥനാശംസകൾ ഞാൻ നേരുന്നു.

പത്തനംതിട്ട ഭദ്രാസനത്തിന്റെ പുതിയ ഇടയനായി ഇപ്പോൾ പിൻതുടർച്ചാവകാശമുള്ള മെത്രാനായി ശുശ്രൂഷ നിർവഹിക്കുന്ന അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനി 2019 ജൂൺ 8-ാം തീയതി മെത്രാപ്പോലിത്തയായി സ്ഥാനാരോഹിതനാവുകയാണ്. 1978 ഡിസംബർ 22-ന് പൗരോഹിത്യശുശ്രൂഷയിൽ പ്രവേ

ശിച്ച അഭിവന്ദ്യ പിതാവ് 2010-ൽ മെത്രാനായി ഉയർത്തപ്പെട്ടു. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ പ്രോട്ടോസിഞ്ചെലൂസായും, ഉന്നത വിദ്യാഭ്യാസമേഖലയിലെ പ്രശംസനീയമായ അദ്ധ്യാപക, പ്രധാനാദ്ധ്യാപക നേതൃത്വവും, പരിശുദ്ധാത്മ നൽവരങ്ങളെ മുൻനിർത്തിയുള്ള ആത്മീയ ശുശ്രൂഷകളിലെ നേതൃസ്ഥാനീയവും, തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ സഹായമെത്രാനായി 2010 മുതൽ 2018 വരെയുള്ള അജപാലനശുശ്രൂഷയും ഏറെ ശ്ലാഘനീയമായി നിർവഹിക്കപ്പെട്ടതിനുശേഷമാണ് ഈ ഉത്തരവാദിത്വത്തിലേക്ക് കടന്നുവരുന്നത്. കാലത്തിനനുസൃതമായി പത്തനംതിട്ട ഭദ്രാസനത്തെ നയിക്കുവാൻ ദൈവം എല്ലാ അനുഗ്രഹങ്ങളും അഭിവന്ദ്യ പിതാവിന് നൽകട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**മൂവാറ്റുപുഴ ഭദ്രാസനം:** തിരുവല്ലാ അതിഭദ്രാസനം വിഭജിച്ച് 2003 ജനുവരി 15-ാം തീയതി സ്ഥാപിതമായ മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ ദ്വിതീയാദ്ധ്യക്ഷനായി 2008 ഫെബ്രുവരി 9-ാം തീയതി അഭിവന്ദ്യ ഏബ്രഹാം മാർ യൂലിയോസ് തിരുമേനി സ്ഥാനാരോഹിതനായി. 11 വർഷക്കാലം ഭദ്രാസനത്തെ ആത്മീയമായും ഭൗതീകമായും വളർത്താൻ ദൈവാഭിമുഖ്യത്തോടെ അഭിവന്ദ്യ തിരുമേനി പ്രവർത്തിച്ചു. ഭാവിയെ മുൻനിർത്തിയുള്ള വികസനപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തു. ഭദ്രാസനദൈവാലയം, രൂപതാകാര്യാലയം, മോറിയ ധ്യാനകേന്ദ്രം ഇവയൊക്കെ അഭിവന്ദ്യ പിതാവിന്റെ ശുശ്രൂഷാകാലത്ത് രൂപതയ്ക്ക് ലഭിച്ച നന്മകളാകുന്നു. കോയമ്പത്തൂർ മേഖലയിൽ ഇക്കാലത്ത് നടത്തിയ മിഷൻപ്രവർത്തനങ്ങൾ പ്രശംസനീയംതന്നെ. ഇടയനടുത്ത ഔത്സുക്യത്തിൽ തന്നെ ഏൽപ്പിച്ച മേൽപ്പട്ടശുശ്രൂഷ അദ്ദേഹം ഭംഗിയായി നിർവഹിച്ചു. ഏവരേയും ഒന്നിപ്പിക്കുവാൻ പ്രത്യേകം താല്പര്യം കാണിച്ചു. പണ്ഡിതനും ദൈവശാസ്ത്രജ്ഞനുമായ അഭിവന്ദ്യ തിരുമേനിയുടെ ശുശ്രൂഷകളെ സഭയുടെപേരിൽ നന്ദിയോടെ ഓർക്കുന്നു; പ്രാർത്ഥിക്കുകയും ആശംസകൾ നേരുകയും ചെയ്യുന്നു.

അഭിവന്ദ്യ പിതാവിന്റെ തുടർച്ചയായി ഇപ്പോൾ മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ കോ-അഡ്ജുത്തോർ ബിഷപ്പും, നമ്മുടെ സഭാ ആസ്ഥാന കാര്യാലയമായ മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ കൂരിയായുടെ മെത്രാനും, യൂറോപ്പ്-ഓഷ്യാനിയായുടെ അപ്പസ്തോലിക

വിസിറ്റേറ്ററുമായ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് തിരുമേനി 2019 ജൂൺ 12-ാം തീയതി മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ ത്രിതീയാധ്യക്ഷനായി സ്ഥാനമേറ്റെടുക്കുകയാണ്. 1985 മുതൽ നമ്മുടെ സഭയിൽ പൗരോഹിത്യ ശുശ്രൂഷയിൽ അഭിവന്ദ്യ പിതാവ് വ്യാപൃതനാണ്. 2017-ൽ മെത്രാനായി ഉയർത്തപ്പെട്ടു. തിരുവനന്തപുരം മലങ്കര മേജർ സെമിനാരിയുടെ റെക്ടർ, ജുഡീഷ്യൽ വികാർ, മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയായുടെ വൈസ്-ചാൻസിലർ, സഭാകോടതിയുടെ അദ്ധ്യക്ഷൻ, ഗുഡ്ഗാവ് സെന്റ് ജോൺ ക്രിസോസ്റ്റം ഭദ്രാസനത്തിന്റെയും തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെയും സിഞ്ചെലൂസ്, സി.ബി.സി.ഐ.യുടെ കോർ-ടീം അംഗം, തുടങ്ങിയ പദവികളിൽ സ്തുത്യർഹമായ സേവനം കാഴ്ചവെച്ചതിനുശേഷമാണ് ഈ പുതിയ ശുശ്രൂഷാ സംവിധാനം ഏറ്റെടുക്കുന്നത്. മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ തുടർ പ്രവർത്തനങ്ങൾക്കും, പ്രേഷിതശുശ്രൂഷകൾക്കും അഭിവന്ദ്യ പിതാവിന്റെ നേതൃപാടവവും പ്രാർത്ഥനാ ജീവിതവും ഏറെ സഹായകരമാകട്ടെ! എല്ലാ ശുശ്രൂഷകളും ഏറ്റം ഫലദായകമാകാൻ സർവ്വേശ്വരൻ കൃപ ചൊരിയട്ടെയെന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവിന്റെയും അഭിവന്ദ്യ ഏബ്രഹാം മാർ യൂലിയോസ് പിതാവിന്റെയും സഭാശുശ്രൂഷകളെ സഭയുടെപേരിൽ ഏറെ നന്ദിയോടെ ഞാൻ ഓർക്കുന്നു; നല്ല ദൈവത്തിന് കൃതജ്ഞതയർപ്പിക്കുന്നു. അഭിവന്ദ്യ പിതാക്കന്മാരിലൂടെ നമ്മുടെ സഭയ്ക്ക് ലഭ്യമായ എല്ലാ നന്മകളെയും നന്ദിയോടെ ഓർക്കുന്നതിനും പുതിയ ഇടയന്മാർക്ക് പ്രാർത്ഥനാശംസകളും നമ്മുടെ പിൻബലവും അറിയിക്കുന്നതിനുമുള്ള അവസരങ്ങളാണ് ജൂൺ 8, 12 എന്നീ തീയതികൾ എന്ന കാര്യം നിങ്ങളെ ഞാൻ ഏറെ താൽപര്യത്തോടെ അറിയിക്കുന്നു. പത്തനംതിട്ട ഭദ്രാസനത്തിലെ സ്ഥാനാരോഹണ ശുശ്രൂഷ ജൂൺ 8-ാം തീയതി രാവിലെ 8 മണിക്കും മൂവാറ്റുപുഴ ഭദ്രാസനത്തിലെ സ്ഥാനാരോഹണ ശുശ്രൂഷ ജൂൺ 12-ാം തീയതി രാവിലെ 9 മണിക്കുമായിരിക്കും. ഈ രണ്ട് ശുശ്രൂഷകളിലേക്കും സഭാമക്കളേവരെയും ഞാൻ പ്രത്യേകം ക്ഷണിക്കുന്നു. പ്രാർത്ഥനകൊണ്ടും സാന്നിധ്യംകൊണ്ടും ഈ ചടങ്ങുകളെ പ്രത്യേകം അനുഗ്രഹകരമാക്കണം.

പരിശുദ്ധാത്മ നിറവിനായി ഒരുങ്ങുന്ന പെന്തിക്കോസ്തിയുടെ ഈ കാലയളവിൽ അതിന്റെ നിറവിനായി ജാഗ്രതയോടെ നമുക്ക് പ്രാർത്ഥിക്കാം. നമ്മുടെ സഭാശുശ്രൂഷകൾ കൂടുതൽ അനുഗ്രഹ പ്രദമാകുവാൻ ഒരുക്കത്തോടെയുള്ള ഒരു കാത്തിരിപ്പുകാലം നമുക്ക് ആവശ്യമാണ്. സെഹിയോൻ മാളികയിൽ പരിശുദ്ധ അമ്മ യുടെ മേലും ശ്ലീഹന്മാരുടെമേലും ആവസിച്ച സ്വർഗീയ നൽവര ങ്ങൾ സഭയുടെമേലും നമ്മുടെ ശുശ്രൂഷകളുടെമേലും വന്നാവ സിക്കുവാൻ നമുക്ക് തീഷ്ണതയോടെ പ്രാർത്ഥിക്കാം.

ആയത് ദൈവമാതാവായ പരി. കന്യകാമറിയത്തിന്റെയും, അപ്പസ് തോല സമൂഹത്തിന്റേയും, വിശിഷ്യാ നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും, സകല വിശുദ്ധരുടേയും പ്രാർത്ഥ നകളാൽ തന്നെ, ആമ്മീൻ.

ദൈവം നിങ്ങളെ ഏവരേയും അനുഗ്രഹിക്കട്ടെ!

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി



**✠ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ്**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.

23.05.2019
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം.

---

N.B.: ഈ ഇടയലേഖനം അടുത്തുവരുന്ന ഞായറാഴ്ച നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വി. കുർബാന മദ്ധ്യേ വായി ക്കേണ്ടതാണ്.

# THE SYRO-MALANKARA CATHOLIC CHURCH
## MAJOR ARCHDIOCESE OF TRIVANDRUM

**MORAN MOR BASELIOS CARDINAL CLEEMIS**
Major Archbishop-Catholicos

Major Archbishop's House
Pattom, Trivandrum-695004

No. CL-TVM 4/2019

15 May 2019

## മേജർ അതിഭദ്രാസന അസംബ്ലി – 2019

വന്ദ്യവൈദികരേ, ശെമ്മാശന്മാരേ, ബഹു. സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തപ്പെട്ട മലങ്കര സുറിയാനി കത്തോലിക്കാ സഭ അതിന്റെ കടമകളും ഉത്തരവാദിത്വങ്ങളും പൂർണ്ണമായി നിറവേറ്റുവാൻ എന്നും പ്രതിജ്ഞാബദ്ധമാണ്. മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയുടെ കടമയാണ് അഞ്ചുവർത്തിലൊരിക്കൽ സഭാ അസംബ്ലി വിളിച്ചു കൂട്ടുക എന്നത്. അതിൻപ്രകാരം നമ്മുടെ സഭയുടെ ദ്വിതീയ സഭാ അസംബ്ലി 2019 ഒക്ടോബർ 8, 9 തീയതികളിൽ വിളിച്ചുകൂട്ടുന്നതിനുള്ള പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ തീരുമാനം ഞാൻ ഏവരെയും അറിയിച്ചിരുന്നല്ലോ (Prot. No. CPL 1/2019). 'കൃപ നിറയുന്ന കുടുംബങ്ങൾ' എന്നതാണ് അസംബ്ലി ചർച്ച ചെയ്യുന്ന വിഷയം.

പൗരസ്ത്യ സഭകൾക്കായുള്ള കാനൻ നിയമപ്രകാരം സഭാ അസംബ്ലിക്ക് മുന്നോടിയായുള്ള ഭദ്രാസന അസംബ്ലികൾ നടക്കേണ്ടതുണ്ട്. സഭാതലയോഗം ഫലപ്രദമാകുവാൻ ഈ ക്രമീകരണം സഹായിക്കും. **നമ്മുടെ മേജർ അതിഭദ്രാസന അസംബ്ലി 2019 ജൂലൈ 23, 24 തീയതികളിൽ വിളിച്ചുകൂട്ടുന്നതാണെന്ന്** ഏവരേയും സന്തോഷത്തോടെ ഞാൻ അറിയിക്കുന്നു. സഭയുടെ അടിയന്തിരശ്രദ്ധ തിരിയുന്ന ഈ അസംബ്ലിയിലൂടെ ദൈവീക കൃപകൾ ലഭിക്കുവാൻ നമുക്കു പ്രാർത്ഥിക്കാം.

'കൃപ നിറയുന്ന കുടുംബങ്ങൾ' എന്ന അസംബ്ലിയുടെ പഠന രേഖ (*Lineamenta*) അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട്. നമ്മുടെ എല്ലാ ഇടവകകളും കുടുംബങ്ങളും ഭക്തസംഘടനകളും പ്രാർത്ഥ

നായോഗങ്ങളും, അസംബ്ലിയെക്കുറിച്ച് അവബോധമുള്ളവരും സർവ്വോപരി അസംബ്ലി ചർച്ച ചെയ്യുന്ന 'കൃപ നിറയുന്ന കുടും ബങ്ങൾ' എന്ന വിഷയത്തിന്റെ വിവിധ മാനങ്ങൾ ആഴത്തിൽ മന സിലാക്കി അത് ജീവിതത്തിൽ പ്രാവർത്തികമാക്കുന്നവരുമായി ത്തീരണമെന്ന് എല്ലാവരെയും ഉദ്ബോധിപ്പിക്കുന്നു. അസംബ്ലി യുടെ വിജയത്തിനായി ഏവരും പ്രത്യേകം പ്രാർത്ഥിക്കണമെന്നും ഞാൻ ഓർമ്മിപ്പിക്കുന്നു.

**2019 ജൂലൈ 23, 24 തീയതികളിൽ തിരുവനന്തപുരത്ത് മാർ ഗ്രിഗോറിയോസ് റിന്യൂവൽ സെന്ററിൽ വച്ചാണ് നമ്മുടെ മേജർ അതിഭദ്രാസന അസംബ്ലി നടക്കുന്നത്.** ഇതിന്റെ ഒരുക്ക മായി നമ്മുടെ എല്ലാ പള്ളികളിലും മിഷൻ കേന്ദ്രങ്ങളിലും അസം ബ്ലിയുടെ സന്ദേശം എത്തിക്കുന്നതിന് ഏവരും ശ്രദ്ധിക്കേണ്ടതാണ്. ബഹു. വൈദികർ 'കൃപ നിറയുന്ന കുടുംബങ്ങൾ' എന്ന വിഷയം ഇടവകതലത്തിൽ ഫലപ്രദമായി അവതരിപ്പിക്കാൻ ശ്രദ്ധിക്കണ മെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കട്ടെ. നമ്മുടെ എല്ലാ ഇടവകക ളിലും മതബോധനരംഗം, യുവജനപ്രേഷിതരംഗം, കുടുംബപ്രേ ഷിതരംഗം, അൽമായപ്രേഷിതരംഗം മറ്റു ഭക്തസംഘടനകൾ എന്നി വയുടെ പ്രത്യേക ഒത്തുചേരലുകളിലൂടെ സഭാംഗങ്ങളിൽ അവ ബോധവും തീക്ഷ്ണതയും വർദ്ധിപ്പിക്കുവാൻ പരിശ്രമിക്കണ മെന്നും ഓർമ്മിപ്പിക്കുന്നു. മേജർ അതിഭദ്രാസനത്തിലെ എല്ലാ ഇടവകകളിലും വി. കുർബാനയ്ക്കുശേഷം അസംബ്ലിയുടെ വിജ യത്തിനായുള്ള പ്രാർത്ഥന പ്രത്യേകം നടത്തേണ്ടതാണ്.

പൗരസ്ത്യ സഭകൾക്കായുള്ള കാനൻ നിയമസംഹിതയിൽ (CCEO) ഭദ്രാസന അസംബ്ലിയെ സംബന്ധിച്ച് നൽകപ്പെട്ടിരിക്കുന്ന കാനോനകൾക്ക് അനുസരിച്ചായിരിക്കും മേജർ അതിഭദ്രാസന അസംബ്ലി നടത്തപ്പെടുന്നത്. കാനോന (CCEO) 238 പ്രകാരം ഭദ്രാ സനാ ദ്ധ്യക്ഷന് പുറമേ മുഖ്യവികാരി ജനറാൾ, വികാരി ജനറാൾ, ചാൻസിലർ, ജൂഡീഷ്യൽ വികാരി, പ്രൊക്യുറേറ്റർ, അസോ. പ്രൊക്യു റേറ്റർ, മേജർ അതിഭദ്രാസന ആലോചനാസമിതി അംഗങ്ങൾ, മൈനർ സെമിനാരിയുടെ റെക്ടർ, ജില്ലാ വികാരിമാർ, വൈദിക ജില്ലകളിൽ നിന്നു തെരഞ്ഞെടുക്കപ്പെടുന്ന ഓരോ വൈദികർ (ജില്ലാ വികാരിമാർക്ക് പുറമേ), പ്രെസ്ബിറ്റൽ കൗൺസിൽ അംഗങ്ങൾ, മേജർ അതിഭദ്രാസന അജപാലന സമിതി അംഗങ്ങൾ, തെരഞ്ഞെ ടുക്കപ്പെട്ട ഡീക്കൻമാർ (മലങ്കര സുറിയാനി കത്തോലിക്കാ സഭ യുടെ പ്രത്യേക നിയമസംഹിത CPCSMCC), മേജർ അതിഭദ്രാ സന അതിർത്തിയിൽ ഭവനങ്ങളുള്ള സന്യാസ സമൂഹങ്ങളുടെ

സുപ്പീരിയേഴ്സിന്റെ പ്രതിനിധികൾ, ഭക്തസംഘടനകളുടെ മേജർ അതിഭദ്രാസനതല ഡയക്ടർമാർ, പ്രസിഡന്റുമാർ, അജപാലന സമിതി തെരഞ്ഞെടുക്കുന്ന അല്മായ പ്രതിനിധികൾ (ഓരോ വൈദികജില്ലയിൽ നിന്നും 4 അൽമായ പ്രതിനിധികൾ, ഇതിൽ 2 പേർ വനിതകളായിരിക്കണം), മേജർ അതിഭദ്രാസനാദ്ധ്യക്ഷൻ നാമനിർദ്ദേശം ചെയ്യുന്നവർ, ഇവരാണ് മേജർ അതിഭദ്രാസന അസംബ്ലിയിൽ അംഗങ്ങളാകുവാൻ നൈയാമികമായി യോഗ്യതയും കടമയും ഉള്ളവർ. വൈദിക ജില്ലകളിൽ നിന്ന് തെരഞ്ഞെടുക്കേണ്ട 4 പ്രതിനിധികളെ (2 പുരുഷൻമാർ + 2 സ്ത്രീകൾ) തെരഞ്ഞെടുത്ത് അവരുടെ മേൽവിലാസം ചാൻസിലർ ഓഫീസിൽ അറിയിക്കേണ്ടതാണ്.

മേജർ അതിഭദ്രാസന അസംബ്ലി ഗൗരവമായ ഒരു ഉത്തരവാദിത്തമാണ് അംഗങ്ങൾക്ക് നൽകുന്നത്. മേജർ അതിഭദ്രാസന അസംബ്ലിയുടെ അദ്ധ്യക്ഷൻ മേജർ അതിഭദ്രാസനാദ്ധ്യക്ഷനാണ്. അതീവ ഗൗരവമുള്ള അസൗകര്യങ്ങൾ ഉള്ളപ്പോൾ മേജർ അതിഭദ്രാസനാദ്ധ്യക്ഷന്റെ രേഖാമൂലമുള്ള അനുവാദത്തോടെ മാത്രമേ അസംബ്ലിയിലെ അംഗങ്ങൾ മാറിനിൽക്കാൻ പാടുള്ളൂ. അസംബ്ലിയിലേക്ക് ഉദ്യോഗവശാൽ (Ex-offico) അംഗങ്ങളായവരേയും തെരഞ്ഞെടുക്കപ്പെടുന്നവരെയും ഞാൻ ഔദ്യോഗികമായി അറിയിക്കുകയും ക്ഷണിക്കുകയും ചെയ്യുന്നതാണ്. നമ്മുടെ മേജർ അതിഭദ്രാസന അസംബ്ലിയുടെ വിജയത്തിനായി എല്ലാവരും പ്രത്യേകം പ്രാർത്ഥിക്കുകയും യത്നിക്കുകയും ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു. നമ്മുടെ മേജർ അതിഭദ്രാസനത്തിലെ എല്ലാ കുടുംബങ്ങളിലും ദൈവീക കൃപ നിറയുന്ന അനുഭവത്തിനായി നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം.

സർവ്വശക്തനായ ദൈവം നിങ്ങളെ എല്ലാവരെയും ധാരാളമായി അനുഗ്രഹിക്കട്ടെ!

+Baselios Cleemis

തിരുസന്നിധി
പട്ടം

✠ **കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.
തിരുവനന്തപുരം മേജർ ആർച്ചുബിഷപ്പ്.

---

*N.B: ഈ സർക്കുലർ അടുത്തു വരുന്ന ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.*

# MAJOR ARCHDIOCESE OF TRIVANDRUM

**RT. REV. DR. MATHEW MANAKARAKAVIL COREPISCOPO**
CHIEF VICAR GENERAL

Major Archbishop's House
Pattom, Trivandrum-695 004
Kerala, India.

No. CL-TVM-PS 1/2019 03 June 2019

## സർക്കുലർ

പ്രിയ ബഹുമാനപ്പെട്ട വൈദികരെ, സന്യസ്തരെ, വിശ്വാസികളെ,

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷനും തിരുവനന്തപുരം മേജർ അതിഭദ്രാസനാദ്ധ്യക്ഷനുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാ ബാവാ 2019 ജൂൺ 15-ന് 60 വയസ് പൂർത്തിയാകുകയാണ് എന്നത് സന്തോഷത്തോടെ ഏവരെയും അറിയിക്കുന്നു. കാരുണ്യവാനായ ദൈവം അത്യഭിവന്ദ്യ ബാവാ തിരുമേനിക്കും വന്ദ്യ പിതാവിലൂടെ നമ്മുടെ സഭയ്ക്കും മേജർ അതിരൂപതയ്ക്കും പൊതുസമൂഹത്തിനും നൽകിവരുന്ന എല്ലാ കൃപാദാനങ്ങൾക്കായും നമുക്ക് ദൈവതിരുമുമ്പാകെ നന്ദി കരേറ്റാം. ജൂൺ 15-ന് വി. കുർബാനയിലും കൂട്ടായ പ്രാർത്ഥനയിലും അത്യഭിവന്ദ്യ ബാവാ തിരുമേനിയെ ഓർത്ത് പ്രാർത്ഥിപ്പാനും ഏവരെയും സ്നേഹപുരസ്സരം ഞാൻ ഓർമ്മപ്പെടുത്തുന്നു.

ഷഷ്ഠിപൂർത്തിയുടെ യാതൊരുവിധ ആഘോഷങ്ങളും വേണ്ടായെന്ന് ബാവാ തിരുമേനി വ്യക്തമായി പറഞ്ഞിട്ടുണ്ട്. എന്നാൽ ജീവകാരുണ്യ പദ്ധതികൾ ആരംഭിക്കുന്നത് സന്തോഷത്തോടെ വന്ദ്യ പിതാവ് സമ്മതിച്ചിട്ടുണ്ട് എന്നുള്ളതും ഏവരെയും അറിയിക്കുന്നു. ഉച്ചഭക്ഷണത്തിന് ബുദ്ധിമുട്ടുന്ന ആളുകൾക്ക് ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിനോടു ചേർന്ന് ഞായറാഴ്ച ഒഴികെയുള്ള എല്ലാ ദിവസങ്ങളിലും ഉച്ചഭക്ഷണം കൊടുക്കുന്നതിനുള്ള ഒരു കാരുണ്യപദ്ധതി - **സ്നേഹവിരുന്ന്** - അത്യഭിവന്ദ്യ ബാവാ തിരുമേനിയുടെ ഷഷ്ഠിപൂർത്തിയുടെ

സൂചകമായി ആരംഭിക്കുന്നതാണ്. മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റിയാണ് ഈ പദ്ധതി ക്രമീകരിക്കുന്നത്. ഇതിന് തുടക്കം കുറിക്കുന്ന ദിവസം ഏവരേയും അറിയിക്കുന്നതാണ്. ഉച്ചയ്ക്ക് 12.30 മുതൽ 2 മണിവരെയുള്ള സമയത്ത് ഉച്ചഭക്ഷണം ആവശ്യമുള്ള ആർക്കും ഈ സ്നേഹവിരുന്ന് നൽകുന്നതാണ്. ഉച്ചയ്ക്ക് ഏകദേശം 200 പേർ ഭക്ഷണം കഴിക്കുവാനുണ്ടാകും എന്നതാണ് ഏകദേശ കണക്ക്. ഇത് മുടക്കം കൂടാതെ എന്നും നടന്നുപോകണമെന്നാണ് ആഗ്രഹിക്കുന്നത്. സ്നേഹവിരുന്ന് പദ്ധതി ഏവരുടെയും സംഭാവന സ്വീകരിച്ചുകൊണ്ടാണ് ക്രമീകരിക്കുവാൻ ആഗ്രഹിക്കുന്നത്. ദിവസേനയുള്ള ഉച്ചഭക്ഷണം മുഴുവനായോ, ഭാഗികമായോ സ്പോൺസർ ചെയ്യുന്നതിന് വ്യക്തികളും കുടുംബങ്ങളും സ്ഥാപനങ്ങളും ഇടവകകളും മുൻപോട്ടു വരണം എന്ന് സ്നേഹത്തോടെ എല്ലാവരേയും ഓർമ്മിപ്പിക്കുന്നു. വന്ദ്യ പിതാവിനോട് നമുക്കുള്ള സ്നേഹത്തിന്റെ അടയാളമായിരിക്കുമത്.

നമ്മുടെ കത്തീഡ്രൽ, മേജർ ആർച്ച്ബിഷപ്പ്സ് ഹൗസ്, മൈനർ സെമിനാരി ഇവയുടെ സമീപപ്രദേശങ്ങളിൽ ഉച്ചഭക്ഷണം ലഭിക്കാത്തവർക്കും, കബറിൽ പ്രാർത്ഥിക്കുവാൻ വരുന്നവർക്ക് നേർച്ചയായി ഉച്ചഭക്ഷണം കഴിക്കുവാൻ താല്പര്യമുണ്ടെങ്കിൽ അവർക്കും, ഭക്ഷണം ലഭിക്കത്തക്കപോലെ ക്രമീകരണം ചെയ്യണമെന്നാണ് ആഗ്രഹിക്കുന്നത്. ഭക്ഷണ വിതരണത്തിനുള്ള സ്ഥിര സംവിധാനം രൂപപ്പെടുത്തുന്നതുവരെ M.S.S.S.-ൽ ഇത് ക്രമീകരിക്കുന്നതാണ്.

## സുരക്ഷ

അത്യഭിവന്ദ്യ ബാവാ തിരുമേനിയുടെ ഷഷ്ഠിപൂർത്തി സ്മാരകമായി മേജർ അതിഭദ്രാസനത്തിലെ വിധവകളുടെ സംരക്ഷണത്തിനായി മറ്റൊരു ജീവകാരുണ്യ പദ്ധതി M.S.S.S.-ലൂടെ മേജർ അതിഭദ്രാസനം ക്രമപ്പെടുത്തുന്നു. 75 വിധവകൾക്ക് മാസം 1000/-

രൂപാ വീതം 5 വർഷത്തേക്ക് നൽകുന്നതിനാണ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്. 100 വിധവകളെ സഹായിക്കണമെന്നാണ് ആഗ്രഹിക്കുന്നത്. ഇപ്പോൾ 75 പേർക്കുള്ള സ്പോൺസർഷിപ്പ് മാത്രമേ ലഭിച്ചിട്ടുള്ളൂ. ഇതിൽ സഹകരിക്കുവാൻ താല്പര്യമുള്ളവർ M.S.S.S. ഡയറക്ടർ ബഹു. തോമസ് മുകളുംപുറത്ത് അച്ചനോട് ബന്ധപ്പെടുക (Mob: 9446703056).

ഏവരുടെയും പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിക്കുന്നു.

കർത്താവിൽ സ്നേഹപൂർവ്വം,

റൈറ്റ് റവ. മോൺ. ഡോ. മാത്യു മനക്കരക്കാവിൽ കോറെപ്പിസ്കോപ്പാ
മുഖ്യ വികാരി ജനറാൾ, തിരുവനന്തപുരം മേജർ അതിഭദ്രാസനം.

---

N.B: ഈ സർക്കുലർ അടുത്തുവരുന്ന ഞായറാഴ്ച വിശുദ്ധ കുർബാന മദ്ധ്യേ നമ്മുടെ എല്ലാ ഇടവകകളിലും മിഷൻ കേന്ദ്രങ്ങളിലും ആരാധനാ കേന്ദ്രങ്ങളിലും സന്യസ്ത ഭവനങ്ങളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

# സ്നേഹവിരുന്ന്

അത്യഭിവന്ദ്യ കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവായുടെ ഷഷ്ഠിപൂർത്തിയോടനുബന്ധിച്ച് പട്ടത്ത് സെന്റ് മേരീസ് കത്തീഡ്രൽ ക്യാമ്പസിൽ ആരംഭിക്കുന്ന സൗജന്യ ഉച്ചഭക്ഷണ പദ്ധതി. ഈ പരിസര പ്രദേശങ്ങളിൽ ഉച്ചഭക്ഷണം ലഭിക്കാതെ ഇരിക്കുന്നവർക്കും ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കൽ പ്രാർത്ഥിക്കുവാൻ വരുന്നവർക്ക് നേർച്ചയായി ഉച്ചഭക്ഷണം താല്പര്യമുണ്ടെങ്കിൽ ഏവർക്കും ജാതി-മത ഭേദമന്യേ ഈ ഉച്ചഭക്ഷണ പദ്ധതി തിരുവനന്തപുരം മേജർ അതിഭദ്രാസനം ക്രമീകരിക്കുന്നു.

**സ്ഥലം:**

ഭക്ഷണവിതരണത്തിനുള്ള സ്ഥിരസംവിധാനം സെന്റ് മേരീസ് ക്യാമ്പസിൽ രൂപപ്പെടുന്നതുവരെ പട്ടം എം.എസ്സ്.എസ്സ്.എസ്സ്.-ൽ ഇത് നടത്തപ്പെടുന്നു.

**സമയം:**

ഞായറാഴ്ച ഒഴികെയുള്ള എല്ലാ ദിവസങ്ങളിലും ഉച്ചയ്ക്ക് 12.30 മുതൽ 2 മണി വരെയുള്ള സമയം.

## സംഘാടനം:

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിനുവേണ്ടി മുഖ്യ വികാരി ജനറാൾ റൈറ്റ് റവ. മോൺ. ഡോ. മാത്യു മനക്കരക്കാവിൽ കോറെപ്പിസ്കോപ്പാ ജനറൽ കൺവീനറും പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. ജേക്കബ് പുന്നൂസ് സെക്രട്ടറിയായും എം.എസ്സ്.എസ്സ്.എസ്സ്. ഡയറക്ടർ ബഹു. തോമസ് മുകളുംപുറത്ത് അച്ചൻ ട്രഷററായുമുള്ള 9 അംഗ കമ്മറ്റി, M.S.S.S.-ന്റെ നേതൃത്വത്തിൽ ഈ പദ്ധതി നടത്തുന്നു.

## സാമ്പത്തികം:

വ്യക്തികൾ, കുടുംബങ്ങൾ, സ്ഥാപനങ്ങൾ, ഇടവകകൾ, സന്നദ്ധസംഘടനകൾ നൽകുന്ന സംഭാവനയാണ്, ഈ ജീവകാരുണ്യ പദ്ധതിയുടെ സാമ്പത്തിക സ്രോതസ്. ഒരു ഭക്ഷണത്തിന് ഏകദേശം 50 രൂപാ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു (ഭക്ഷണം+വിതരണം+ പാത്രം വൃത്തിയാക്കൽ etc.) ഏകദേശം 200 പേർക്ക് ദിനം പ്രതി ഉച്ച ഭക്ഷണമെന്നതാണ് ഇപ്പോഴുള്ള ധാരണ. എത്രപേർ വന്നാലും ഭക്ഷണം കൊടുക്കണമെന്നാണ് നമ്മൾ ആഗ്രഹിക്കുന്നത്.

## എങ്ങനെ സഹായിക്കാം?

1. **ഉച്ചഭക്ഷണം സ്പോൺസർ ചെയ്യാം**

   Eg:- ഒരു ദിവസം 200 x 50 = Rs. 10,000/-
   ഒരു മാസം Rs. 2,60,000/- (26 ദിവസം)
   100 പേർക്കുള്ള ഭക്ഷണം 100 x 50 = Rs. 5,000/-

   എത്ര ഭക്ഷണം വേണമെങ്കിലും സ്പോൺസർ ചെയ്യാവുന്നതാണ്.

2. **വോളന്റിയേഴ്സിനെ ആവശ്യമുണ്ട്**

   Eg:- ഭക്ഷണം വിളമ്പാനും
   പാത്രം കഴുകിവയ്ക്കാനും
   സ്ഥലം വൃത്തിയാക്കുവാനും

3. സർവ്വോപരി വി. കുർബാനയിലും പ്രാർത്ഥനയിലും ഈ നിയോഗം സമർപ്പിച്ച് **പ്രാർത്ഥിക്കുവാൻ ആളുകളെ ആവശ്യമുണ്ട്.**

സംഭാവനകൾ അയയ്ക്കാനുള്ള Bank Account:
Malankara Social Service Society - SNEHA VIRUNNU
A/c. No:- 0379053000012068
South Indian Bank
Kesavadasapuram Branch
IFSC : SIBL0000379.

# സഭാ വാർത്തകൾ

## മൂവാറ്റുപുഴ - പത്തനംതിട്ട ഭദ്രാസനങ്ങളിലെ ഭദ്രാസനാദ്ധ്യക്ഷന്മാരുടെ സ്ഥാനാരോഹണം

പത്തനംതിട്ട ഭദ്രാസനത്തിന്റെ പുതിയ അദ്ധ്യക്ഷനായി അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനിയുടെ സ്ഥാനാരോഹണം 2019 ജൂൺ 8-ാം തീയതി മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാബാവായുടെ മുഖ്യകാർമികത്വത്തിൽ പത്തനംതിട്ട സെന്റ് പീറ്റേഴ്സ് കത്തീഡ്രലിൽവച്ച് നടത്തപ്പെടും. രാവിലെ 8 മണിക്ക് അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലിത്തായുടെ മുഖ്യകാർമികത്വത്തിൽ കൃതജ്ഞതാബലി അർപ്പിക്കും.

മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ ത്രിതീയാദ്ധ്യക്ഷനായി, സഭാ ആസ്ഥാന കാര്യാലയമായ മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ കൂരിയായുടെ മെത്രാനും, യൂറോപ്പ്-ഓഷ്യാനിയായുടെ അപ്പസ്തോലിക വിസിറ്റേറ്ററുമായ, അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് തിരുമേനിയുടെ സ്ഥാനാരോഹണം 2019 ജൂൺ 12-ാം തീയതി മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാബാവായുടെ മുഖ്യകാർമികത്വത്തിൽ മൂവാറ്റുപുഴ സെന്റ് ജോസഫ്സ് കത്തീഡ്രലിൽവച്ച് നടത്തപ്പെടും. അന്നേദിവസം രാവിലെ 9 മണിക്ക് അഭിവന്ദ്യ ഏബ്രഹാം മാർ യൂലിയോസ് തിരുമേനിയുടെ മുഖ്യകാർമികത്വത്തിൽ കൃതജ്ഞതാബലി അർപ്പിക്കും.

## സഭാതലസുവിശേഷസംഘം - മഹാസംഗമം

സുവിശേഷസംഘം സഭാതലത്തിൽ പരിശീലനംനേടി കൈവയ്പ് സ്വീകരിച്ച അംഗങ്ങളുടെ മഹാസംഗമം 2019 മെയ് 18-ാം തീയതി തിരുവനന്തപുരം കാതോലിക്കേറ്റ് സെന്ററിൽ നടന്നു. അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് തിരുമേനി, റവ. ഫാ. ആന്റണി കാക്കനാട്ട്, റവ. ഫാ. ആന്റണി കല്ലിൽ എന്നിവർ സംഗമത്തിന് നേതൃത്വം നൽകി. വിവിധ ഭദ്രാസനങ്ങളിൽനിന്നും 150-ഓളം പേർ ഇതിൽ സംബന്ധിച്ചു.

# മേജർ അതിഭദ്രാസന വാർത്തകൾ

## ആബൂൻ ഗീവർഗ്ഗീസ് മാർ തിമോത്തിയോസ് തിരുമേനിക്ക് ആദരാജ്ഞലികൾ

തിരുവല്ല അതിഭദ്രാസനത്തിന്റെ മുൻ അദ്ധ്യക്ഷൻ കാലം ചെയ്ത ആബൂൻ ഗീവർഗ്ഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ തിരുമേനിയോടുള്ള ആദരവ് അറിയിച്ചുകൊണ്ട് നമ്മുടെ സഭയിൽ 30 ദിവസത്തെ ദുഃഖാചരണം അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി പ്രഖ്യാപിച്ചു. ഈ കാലയളവിൽ മേജർ അതിഭദ്രാസനത്തിലെ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും എല്ലാ ആഘോഷ പരിപാടികളും ഒഴിവാക്കേണ്ടതാണ്. ഈ വരുന്ന ഞായറാഴ്ച നമ്മുടെ എല്ലാ ദൈവാലയങ്ങളിലും അഭിവന്ദ്യ തിരുമേനിക്കായി വി. കുർബാനമദ്ധ്യേ ധൂപപ്രാർത്ഥന നടത്തി പ്രാർത്ഥിക്കണമെന്നും അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി നിർദ്ദേശിച്ചു.

- ചാൻസിലർ

## മേജർ അതിഭദ്രാസന അസംബ്ലി 2019 ജൂലൈ 23, 24 തീയതികളിൽ

സഭാതല അസംബ്ലിക്ക് മുന്നോടിയായുള്ള മേജർ അതിഭദ്രാസന അസംബ്ലി 2019 ജൂലൈ 23, 24 തീയതികളിൽ തിരുവനന്തപുരത്ത് മാർ ഗ്രിഗോറിയോസ് റിന്യൂവൽ സെന്ററിൽ വച്ച നടക്കും. ഇതിന്റെ ഒരുക്കമായി നമ്മുടെ എല്ലാ പള്ളികളിലും മിഷൻ കേന്ദ്രങ്ങളിലും അസംബ്ലിയുടെ സന്ദേശം എത്തിക്കും. അസംബ്ലിക്ക് മുന്നോടിയായി ബഹു. വൈദികർ 'കൃപ നിറയുന്ന കുടുംബങ്ങൾ' എന്ന വിഷയം ഇടവകതലത്തിൽ അവതരിപ്പിക്കുന്നതാണ്. താഴെപ്പറയുന്നവരായിരിക്കും മേജർ അതിഭദ്രാസന അസംബ്ലിയിലെ അംഗങ്ങൾ: മേജർ അതിഭദ്രാസനാദ്ധ്യക്ഷൻ മുഖ്യവികാരി ജനറാൾ, വികാരി ജനറാൾ, ചാൻസിലർ, ജൂഡീഷ്യൽ വികാരി, പ്രൊക്യുറേറ്റർ, അസോ. പ്രൊക്യുറേറ്റർ, മേജർ അതിഭദ്രാസന ആലോചനാസമിതി അംഗങ്ങൾ, മൈനർ സെമിനാരിയുടെ റെക്ടർ, ജില്ലാ

വികാരിമാർ, വൈദികജില്ലകളിൽ നിന്നു തെരഞ്ഞെടുക്കപ്പെടുന്ന ഓരോ വൈദികർ (ജില്ലാ വികാരിമാർക്ക് പുറമേ), പ്രെസ്ബിറ്ററൽ കൗൺസിൽ അംഗങ്ങൾ, മേജർ അതിഭദ്രാസന അജപാലന സമിതിഅംഗങ്ങൾ, തെരഞ്ഞെടുക്കപ്പെട്ട ഡീക്കൻമാർ മേജർ അതിഭദ്രാസന അതിർത്തിയിൽ ഭവനങ്ങളുള്ള സന്യാസ സമൂഹങ്ങളുടെ സുപ്പീരിയേഴ്സിന്റെ പ്രതിനിധികൾ, ഭക്തസംഘടനകളുടെ മേജർ അതിഭദ്രാസനതല ഡയക്ടർമാർ, പ്രസിഡന്റുമാർ, അജപാലന സമിതി തെരഞ്ഞെടുക്കുന്ന അല്മായ പ്രതിനിധികൾ (മേജർ അതിഭദ്രാസന അജപാലന സമിതി അംഗങ്ങൾക്ക് പുറമേ) മേജർ അതിഭദ്രാസനാദ്ധ്യക്ഷൻ നാമനിർദ്ദേശം ചെയ്യുന്നവർ.

## അപ്പോസ്തോലിക് സ്കൂൾ ഉദ്ഘാടനം

വേറ്റിനാട് മൗണ്ട് കാർമ്മൽ ധ്യാനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന കുട്ടികൾക്കുവേണ്ടിയുള്ള പ്രത്യേക പരിശീലന ക്രമമായ അപ്പസ്തോലിക് സ്കൂൾ 2019 മെയ് 1-ന് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി ഉദ്ഘാടനം ചെയ്തു. പെന്തക്കുസ്താ തിരുനാൾ ദിവസം വരെയാണ് ഈ പരിശീലന ക്രമം. 102 കുട്ടികൾ ഈ പരിശീലനത്തിൽ പങ്കെടുത്തു.

## ബഹു. വൈദികരുടെയും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെയും സംയുക്ത സമ്മേളനം

മേജർ അതിഭദ്രാസനതല അസംബ്ലിയുടെ മുന്നൊരുക്കത്തിന്റെ ഭാഗമായി മേജർ അതിഭദ്രാസനത്തിലെ ബഹു. വൈദികരുടെയും അജപാലന സമിതി അംഗങ്ങളുടെയും സംയുക്ത സമ്മേളനം **2019 മെയ് 17 വെള്ളിയാഴ്ച പട്ടം കാതോലിക്കേറ്റ് സെന്ററിൽ വച്ച് രാവിലെ 10.00 മുതൽ വൈകുന്നേരം 4.00 വരെ** നടന്നു. അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി ഈ സംഗമത്തിൽ പങ്കെടുത്ത് സമാപനസന്ദേശം നൽകി. സഭാ അസംബ്ലിയുടെ പ്രത്യേക വിഷയമായ 'കൃപ നിറയുന്ന കുടുംബങ്ങൾ' ഈ സമ്മേളനത്തിൽ റവ. ഫാ. ജോസഫ് വള്ളിയാട്ട് അവതരിപ്പിച്ചു.

## സന്യാസ വ്രതവാഗ്ദാനം

മേരീമക്കൾ സന്യാസിനീ സമൂഹം സെന്റ് മേരീസ് പ്രോവിൻസിലെ ആദ്യവ്രതവാഗ്ദാനവും നിത്യവ്രതവാഗ്ദാനവും 2019 മെയ് 6-ാം തീയതി പോങ്ങുംമൂട് പ്രൊവിൻഷ്യൽ ഹൗസ് ചാപ്പലിൽ വച്ച് നടന്നു. അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി സന്യാസ പ്രതിഷ്ഠാ ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. സിസ്റ്റർ അനറ്റ് മേരി, സിസ്റ്റർ നിർമൽ മേരി എന്നിവർ നിത്യവ്രതവാഗ്ദാനം നടത്തി. നവ സന്യാസ പരിശീലനം പൂർത്തിയാക്കിയ നോവിസസ് അൻസു, എയ്ഞ്ചൽ ഷാജി, എയ്ഞ്ചൽ ഫിലിപ്പ്, സിയ എന്നിവർ യഥാക്രമം സിസ്റ്റർ സ്റ്റാനിയ തെരേസ്, സിസ്റ്റർ ക്ലാര ഫ്രാൻസിസ്, സിസ്റ്റർ റോസിയ മേരി, സിസ്റ്റർ ക്രിസ്റ്റ ഗ്രേയ്സ് എന്നീ പേരുകൾ സ്വീകരിച്ചുകൊണ്ട് ആദ്യവ്രതവാഗ്ദാനം നടത്തി.

## ദൈവാലയ കൂദാശ - മണ്ണൂർ

ആയൂർ വൈദികജില്ലയിലെ മണ്ണൂർ ഇടവയ്ക്കുവേണ്ടി പുതുതായി നിർമ്മിച്ച ദൈവാലയത്തിന്റെ കൂദാശാകർമ്മം 2019 മെയ്12-ന് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി മുഖ്യ കാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ്, സാമുവൽ മാർ ഐറേനിയോസ് എന്നീ തിരുമേനിമാർ സഹ കാർമ്മികരായിരുന്നു. ക്രമീകരണങ്ങൾക്ക് ഇടവക വികാരി റവ. ഫാ. വർഗ്ഗീസ് കിഴക്കേകര നേതൃത്വം നൽകി.

## റവ. ഫാ. റോയ് ജോർജ്ജ് വയലിറക്കത്തിന്റെ പൗരോഹിത്യ രജതജൂബിലി ആഘോഷം

കൊട്ടാരക്കര സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പലും മണ്ണൂർ ഇടവകാംഗവുമായ റവ. ഫാ. റോയ് ജോർജ്ജ് വയലിറക്കത്തിന്റെ പൗരോഹിത്യ രജതജൂബിലി മണ്ണൂർ സെന്റ് ജോർജ്ജ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ 2019 മെയ് 12-ന് ആഘോഷിച്ചു.

**മേജർ അതിഭദ്രാസനത്തിന്റെ അഭിനന്ദനങ്ങൾ!**

# APPOINTMENTS

## PROTO-PRESBYTERS

| | | |
|---|---|---|
| Very Rev. Fr. Thomas Poovannal | - | Adoor |
| Very Rev. Fr. Geevarghese Nediath | - | Kottarakara |
| Very Rev. Fr. Alex Kalappila | - | Kazhakoottam |

## SPECIAL APPOINTMENTS

Rev. Fr. John Varghese Palanilkunnathil
- Principal, Mar Baselios Ocean Star Public School, Chirattakonam

Rev. Fr. Joseph Thottathilkadayil
- Bursar, Mar Baselios Ocean Star Public School, Chirattakonam

Rev. Dr. Koshy Punnamoottil
- Director, Mar Gregorios College of Law

Rev. Fr. Geevarghese Charuvilayil
- Bursar, St. John's College, Anchal

Rev. Fr. Daniel Valliyath
Bursar, St. John's Model HSS, Nalanchira
Director, Malankara Boy's Home, Karammodu

Rev. Fr. Thomas Kayyalackal
Director, St. Alphonsa Hostel, Nalanchira

## APPOINTMENT - PARISHES

| | |
|---|---|
| Very Rev. Fr. Thomas Poovannal | • Adoor (R*) |
| | • Parakode |
| Very Rev. Fr. Geevarghese Nediath | • Kizhakketheruvu (R) |
| | • Nadukunnu |

| | |
|---|---|
| Very Rev. Fr. Alex Kalapila | • Karyavattom (R) |
| Rev. Fr. Abraham Muruppel | • Kunnapuzha (R) |
| | • Thirumala |
| Rev. Fr. John Varghese Palanilkunnathil | • Manjakala (R) |
| | • Avaneeswaram |
| Rev. Fr. Joseph Thottathilkadayil | • Chirattakonam (R) |
| | • Villoor |
| | • Myladumpara |
| Rev. Fr. Joseph Venmanath | • Chempumala (R) |
| | • Kottavattom |
| Rev. Fr. Jacob Kalluvila | • Chozhiakode (R) |
| | • Madathara |
| Rev. Fr. Jobin Jacob Karukayil | • Narickal (R) |
| | • Thiruvazhy |
| Rev. Fr. Ajo Kalapurayil | • Aryankavu (R) |
| | • Rosemala |
| | • Nedumpara |
| Rev. Fr. Emmanuel Benglavil | • Kulathupuzha (R) |
| | • Sam Nagar |
| | • Kattilapara |
| Rev. Fr. Samuel Thoppil | • Maruthimood |
| | • Elamanoor (R) |
| Rev. Fr. Daniel Valliath (Nitish) | • Karammoodu (R) |
| | • Plavara |
| Rev. Fr. Johnson Puthuvelil | • Vilakkupara |
| | • Anakulam |
| | Anchal (R) |
| Rev. Fr. Geevarghese Charuvilayil | • Edamulakkal (R) |
| | • Peringalloor |

| | |
|---|---|
| Rev. Dr. Koshy Punnamoottil | • Pappala<br>• Gurunagappankavu<br>• Vayyattinkara<br>Mar Gregorious Law College (R) |
| Rev. Fr. Philip Dayanand | • Kampamkode<br>• Ozhukuparackal<br>Anchal (R) |
| Rev. Fr. Anu Jose Kunnil | • Palode<br>• Chuppanchira<br>Minor Seminary (R) |
| Rev. Fr. Sijo Charivuparambil | • Ottakomb<br>• Malamukal<br>Major Seminary (R) |
| Rev. Fr. Jacob Elampalloor | • Kalladichavila<br>*Thirusannidhi* (R) |
| Rev. Fr. Jolly Karimpil | • Bhoodana Colony<br>Major Seminary (R) |

*(R) - Residence

## CHANGE OF ADDRESS

Very Rev. Fr. Alex Kalappila
St. Mary's Malankara Catholic Church
Kariyavattom P.O., Trivandrum - 695 581

Very Rev. Fr. Geevarghese Nediath
Holy Trinity Malankara Catholic Church
Kizhakketheruvu P. O., Kottarakara
Kollam - 691 542

Very Rev. Fr. Thomas Poovannal
Sacred Heart Malankara Catholic Church
Adoor P.O., Pathanamthitta - 691 523

Rev. Fr. Emmanuel Benglavil
St. Mary's Malankara Catholic Church
Kulathupuzha, Kollam Dist. 691 310

Rev. Fr. Geevarghese Charuvilayil
St. Thomas Malankara Catholic Church
Edamulackal P.O. Anchal
Kollam- 691 321

Rev. Fr. Ajo Kalapurayil
St. George's Malankara Catholic Church
Aryankavu P.O., Kazhuthurutty (via)
Punalur, Kollam - 691 309

Rev. Fr. Jacob Kalluvila
St. Sebastian's Malankara Catholic Church
Chozhiyakode, Kollam- 691 317

Rev. Fr. Jobin Jacob Karukayil
St. Jude's Malankara Catholic Church
Narickal P.O., Punalur Kollam - 691 305

Rev. Fr. Abraham Muruppel
St. Francis Xavier Malankara Catholic Church
Kunnapuzha, Aramada P.O.
Trivandrum- 695 032

Rev. Fr. John Varghese Palanilkunnathil
St. Mary's Malankara Catholic Church
Manjakala P.O., Kunnikode, Kollam - 691 508

Rev. Dr. Koshy Issac Punnamoottil
Mar Gregorios College of Law
Mar Ivanios Vidya Nagar, Nalanchira P.O.
Trivandrum - 695 015



പത്തനംതിട്ട ഭദ്രാസനാദ്ധ്യക്ഷ സ്ഥാനത്ത്നിന്ന് വിരമിക്കുന്ന
അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലിത്തായ്ക്കും



മൂവാറ്റുപുഴ ഭദ്രാസനാദ്ധ്യക്ഷ സ്ഥാനത്ത്നിന്ന് വിരമിക്കുന്ന
അഭിവന്ദ്യ എബ്രഹാം മാർ യൂലിയോസ് മെത്രാപ്പോലിത്തായ്ക്കും

## മേജർ അതിഭദ്രാസനത്തിന്റെ കൃതജ്ഞത



**മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ അദ്ധ്യക്ഷനായി സ്ഥാനാരോഹിതനാകുന്ന അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലിത്തായ്ക്ക് മേജർ അതിഭദ്രാസനത്തിന്റെ പ്രാർത്ഥനാമംഗളങ്ങൾ!**



പത്തനംതിട്ട ഭദ്രാസനത്തിന്റെ അദ്ധ്യക്ഷനായി സ്ഥാനാരോഹിതനാകുന്ന
അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് മെത്രാപ്പോലിത്തായ്ക്ക്
മേജർ അതിഭദ്രാസനത്തിന്റെ പ്രാർത്ഥനാമംഗളങ്ങൾ!



കെ.സി.എസ്.എൽ. ക്യാമ്പിൽ പങ്കെടുത്ത വിദ്യാർത്ഥികൾ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയോടൊപ്പം
(9 മെയ് 2019, സെന്റ് മേരീസ് സ്കൂൾ, പട്ടം).

Rev. Fr. Johnson Puthuvelil
St. Mary's Malankara Catholic Church,
Anchal P.O., Kollam - 691 306

Rev. Fr. Philip Dayanand
St. Mary's Malankara Catholic Church
Ayoor, Kollam Dist. 691 533

Rev. Fr. P.T. GEORGE
St. Mary's Malankara Catholic Church
Karammoodu, Thonnackal P.O.
Trivandrum- 695 317

Rev. Fr. Samuel Thoppil
St. Joseph's Malankara Catholic Church
Maroor P.O., Elamannoor
PathanamthittaDt- 691 524

Rev. Fr. Joseph Thottathilkadayil
St. Mary's Malankara Catholic Church,
Karammoodu, Thonnackal P.O.
Trivandrum- 695 317

Rev. Fr. Daniel Valliyathu
St. Mary's Malankara Catholic Church,
Karammoodu, Thonnackal P.O.
Trivandrum- 695 317

Rev. Fr. Joseph Venmanath
St. Mary's Malankara Catholic Church
Chempumala, Elampal P.O., Punalur

## പ്രാർത്ഥനാദിനം

സണ്ടേസ്കൂളിന്റെ പുതിയ അദ്ധ്യയനവർഷം ആരംഭിക്കുന്നതിന് തലേ ഞായറാഴ്ച (2019 മെയ് 26) ഇടവകയിൽ അദ്ധ്യാപകർ ഒരുമിച്ചുകൂടി ഒരു ദിവസം മുഴുവൻ പ്രാർത്ഥനയിലും ഒരുക്കത്തിലും ചെലവിടേണ്ടതാണ്. നമ്മുടെ മേജർ അതിഭദ്രാസനത്തിലെ എല്ലാ ദേവാലയങ്ങളിലും മതാദ്ധ്യാപകർ ബഹു. വികാരി അച്ചന്റെ നേതൃത്വത്തിൽ അന്നേദിവസം ഒരുമിച്ചുകൂടി അടുത്ത മതബോധന വർഷത്തിനായുള്ള ഒരുക്കം നടത്തുന്നതു നന്നായിരിക്കും.

## പുതിയ അദ്ധ്യയന വർഷം

2019 ജൂൺ 2-ന് പുതിയ അദ്ധ്യയന വർഷം ആരംഭിക്കുന്നു. നഴ്സറി ക്ലാസിലേക്കും, ഒന്നാം ക്ലാസിലേക്കുമുള്ള കുട്ടികളുടെ പ്രവേശനോത്സവം ഏറ്റവും മനോഹരമായി നടത്തുവാൻ ഇടവകകൾ ശ്രദ്ധിക്കണം. അന്നേദിവസം കുട്ടികൾക്കായി പ്രത്യേക പ്രാർത്ഥനയും വി. കുർബാനയ്ക്കു കുട്ടികളുടെ മാതാപിതാക്കളോടൊപ്പം കാഴ്ചവയ്പും നടത്താവുന്നതാണ്. പ്രാഥമിക ക്ലാസ്സുകളിലേക്ക് വരുന്ന കുട്ടികളെ മതബോധനത്തിലേക്ക് ആകർഷിക്കുന്ന വിധത്തിൽ ഉത്സവാന്തരീക്ഷമൊരുക്കി ആഘോഷമായി അവരെ സ്വീകരിക്കുന്നതും ഉചിതമായിരിക്കും. ഓരോ ഇടവകയുടേയും സാഹചര്യങ്ങൾ കണക്കിലെടുത്തു വേണ്ടവിധത്തിൽ ക്രമീകരിക്കാവുന്നതാണ്.

സണ്ടേസ്കൂൾ പ്രവേശനോത്സവ ദിവസം കുഞ്ഞുങ്ങൾക്ക് ആദ്യാക്ഷരം കുറിക്കുവാനുള്ള ക്രമീകരണം ഇടവകകളിൽ ചെയ്യുന്നത് ഉചിതമായിരിക്കും. അന്നേദിവസം വി. കുർബാന അർപ്പിച്ച് ബഹു. വികാരി അച്ചന്മാർ സണ്ടേസ്കൂൾ അദ്ധ്യയന വർഷം ഉദ്ഘാടനം ചെയ്യേണ്ടതാണ്.

## മതാദ്ധ്യാപക/കുട്ടികളുടെ ഡയറി

മുൻവർഷങ്ങളിലെപ്പോലെ ഡയറികളുടെ മത്സരം ഉണ്ടായിരിക്കുന്നതാണ്. ജില്ലാതലത്തിൽ ഒന്നാം സ്ഥാനം ലഭിച്ച ഓരോ

ക്ലാസ്സിലെ കുട്ടികളുടെയും അധ്യാപകരുടെയും ഡയറി കേന്ദ്ര കാര്യാലയത്തിലേക്ക് നൽകേണ്ടതാണ്.

## സ്ഥിതി വിവരഫോം

2019-2020 അദ്ധ്യായന വർഷത്തേക്കുള്ള സ്ഥിതി വിവര ഫോം പുസ്തക വിതരണത്തോടൊപ്പം അതാത് ജില്ലാകേന്ദ്രങ്ങ ളിൽ നിന്ന് കൈപ്പറ്റാവുന്നതാണ്. ഇത് കൃത്യമായി പൂരിപ്പിച്ച് ജൂലൈ മാസം 31-ാം തീയതിക്കകം കേന്ദ്ര കാര്യാലയത്തിൽ എത്തിക്കണം. ഇതിന്റെ ഒരു കോപ്പി ജില്ലയിലും, ഒരു കോപ്പി ഇട വകയിലും സൂക്ഷിക്കേണ്ടതാണ്. **ഇതിൽ രേഖപ്പെടുത്തിയിട്ടുള്ള എണ്ണം അനുസരിച്ചായിരിക്കും ഓരോ ക്ലാസിലേക്കും ആവശ്യ മായ ചോദ്യകടലാസുകൾ ഇടവകയിലേക്ക് അയയ്ക്കുന്നത്.**

## ജില്ലാതല പ്രഥമ അദ്ധ്യാപകരുടെ മീറ്റിംഗ്

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ എല്ലാ പ്രഥമ അദ്ധ്യാപകർക്കും വേണ്ടി ഏകദിന സെമിനാർ വിവിധ വൈദിക ജില്ലകളിൽ വച്ച് സംയുക്തമായി നടത്തപ്പെടുവാൻ ക്രമീകരിച്ചിരി ക്കുന്നു. 2019 ജൂൺ 5-ാം തീയതി (10.00 am- 1.00 pm) തിരുവന ന്തപുരം, കഴക്കൂട്ടം, കിളിമാനൂർ, നെടുമങ്ങാട് വൈദിക ജില്ല കൾക്കു വേണ്ടി പട്ടം സമന്വയ പാസ്റ്ററൽ സെന്ററിൽ വച്ചും, ജൂൺ 16-ാംതീയതി (2.30 pm- 5.00 pm) അടൂർ, കൊട്ടാരക്കര വൈദിക ജില്ലകൾക്കു വേണ്ടി കിഴക്കേത്തെരുവ് ഹോളിട്രിനിറ്റി മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ വച്ചും ജൂൺ 23-ാം (2.30 pm- 5.00 pm) തീയതി അഞ്ചൽ, ആയൂർ, പുനലൂർ വൈദികജില്ല കൾക്കു വേണ്ടി അഞ്ചൽ സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ വച്ചും നടത്തപ്പെടുന്നു. ഈ സെമിനാറിൽ എല്ലാ പ്രധാനാദ്ധ്യാപകരും സംബന്ധിക്കേണ്ടതാണ്.

## ജില്ലാതല മതാദ്ധ്യാപക പരിശീലനം

ജില്ലാതലത്തിൽ ക്രമീകരിക്കുന്ന മതാദ്ധ്യാപക സെമിനാ റുകൾക്ക് എല്ലാ പ്രഥമ അദ്ധ്യാപകരും മതാദ്ധ്യാപകരും നിർബ ന്ധമായും പങ്കെടുക്കേണ്ടതാണ്. ജില്ലാതലത്തിൽ ഇതിനുള്ള അറി യിപ്പുകൾ നൽകുന്നതായിരിക്കും.

## മതാദ്ധ്യാപകരുടെ ഐഡി കാർഡ്

എല്ലാ വിശ്വാസപരിശീലന അദ്ധ്യാപകരും ഇടവക, വൈദികജില്ല, അതിഭദ്രാസന ശുശ്രൂഷകളിൽ നിർബന്ധമായും ഐഡി കാർഡ് ധരിക്കേണ്ടതാണ്.

## പൊതുവിജ്ഞാനം

ഈ വർഷത്തെ പൊതുവിജ്ഞാന ചോദ്യങ്ങൾ: ഡയറിയിൽ നൽകിയിരിക്കുന്ന പൊതുവിജ്ഞാന ഭാഗത്തുനിന്നും ആനുകാലികമായ സഭാ സംഭവങ്ങളെ അടിസ്ഥാനമാക്കിയും ആയിരിക്കും.

## പാഠപുസ്തകങ്ങളുടെ വില

### വില നിലവാരം

**മലയാളം**

| | | |
|---|---|---|
| എൽ.കെ.ജി., യു.കെ.ജി. | - | 45/- |
| 1 മുതൽ 9 വരെ | - | 50/- |
| 10 മുതൽ 12 വരെ | - | 60/- |
| **ഇംഗ്ലീഷ്** | | |
| 1 മുതൽ 7 വരെ | - | 80/- |
| 8 മുതൽ 12 വരെ | - | 90/- |
| ഹാജർബുക്ക് | - | 25/- |
| ഡയറി | - | 50/- |
| അഡ്മിഷൻ രജിസ്റ്റർ & പ്രമോഷൻ രജിസ്റ്റർ | - | 80/- |

## പുസ്തകവിതരണം

ജൂൺ മാസം 5-ാം തീയതി മുതൽ ജില്ലാകേന്ദ്രങ്ങളിൽ പുസ്തകവിതരണത്തിനായി കേന്ദ്രത്തിൽ നിന്നും എത്തുന്നതാണ്.

| | | | | |
|---|---|---|---|---|
| 05-06-2019 | ബുധൻ | രാവിലെ 10.30 - 12.30 | കൊട്ടാരക്കര | പുലമൺ പള്ളി |
| 05-06-2019 | ബുധൻ | ഉച്ചയ്ക്ക് 02.30 - 05.00 | അടൂർ | അടൂർ പള്ളി |
| 06-06-2019 | വ്യാഴം | രാവിലെ 10.00 - 12.00 | നെടുമങ്ങാട് | നെടുമങ്ങാട് ഐ. റ്റി. സി. |

| | | | | |
|---|---|---|---|---|
| 06-06-2019 | വ്യാഴം | ഉച്ചയ്ക്ക് 02.00 - 3.00 | കിളിമാനൂർ | പിരപ്പൻകോട് പള്ളി |
| 06-06-2019 | വ്യാഴം | ഉച്ചയ്ക്ക് 04.00 - 05.30 | കഴക്കൂട്ടം | കാരമൂട് പള്ളി |
| 07-06-2019 | വെള്ളി | രാവിലെ 10.30 - 12.30 | പുനലൂർ | പുനലൂർ പള്ളി |
| 07-06-2019 | വെള്ളി | ഉച്ചയ്ക്ക് 02.30 - 05.00 | ഉറുകുന്ന് (സബ്സ്റ്റേഷൻ) | ഉറുകുന്ന് പള്ളി |
| 08-06-2019 | ശനി | രാവിലെ 10.30 - 12.30 | അഞ്ചൽ | അഞ്ചൽ പള്ളി |
| 08-06-2019 | ശനി | ഉച്ചയ്ക്ക് 02.30 - 05.00 | ആയൂർ | ആയൂർ പള്ളി |

തിരുവനന്തപുരം വൈദിക ജില്ലയിലുള്ളവർക്ക് കേന്ദ്ര ഓഫീസിൽ നിന്നും പുസ്തകങ്ങൾ വാങ്ങാവുന്നതാണ്.

NB:- എം.ബി.ഒ.സി. പുസ്തകങ്ങളുടെ കുടിശ്ശിക ഉള്ളവർക്ക് ബുക്ക് വിതരണത്തിനായി ജില്ലകളിൽ വരുമ്പോൾ അടയ്ക്കാൻ സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

## പരീക്ഷാഫലം

2019 ഏപ്രിൽ 28-ന് അതിഭദ്രാസന തലത്തിൽ നടത്തപ്പെട്ട 10, 12 ക്ലാസുകളിലെ വാർഷിക പരീക്ഷയുടെ റിസൾട്ട് മെയ് 31-ന് പ്രസിദ്ധീകരിച്ചു. പരീക്ഷാഫലം www.catholicate.net, www.majorarchdioceseoftrivandrum.com എന്ന വെബ്സൈറ്റുകളിൽ ലഭ്യമാണ്.

**വിജയശതമാനം**

പത്താം ക്ലാസ്സ് - 79.58%
പന്ത്രണ്ടാം ക്ലാസ്സ് - 92.71%

## Say Exam

2018-2019 അദ്ധ്യയനവർഷത്തിൽ 10,12 ക്ലാസ്സുകളിൽ പരീക്ഷ എഴുതാൻ കഴിയാത്ത വിദ്യാർത്ഥികൾക്കും പരീക്ഷയിൽ തോറ്റവർക്കുമായിട്ടുള്ള Say Exam 2019 ജൂൺ 30-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ 5 മണി വരെ അതാത് ജില്ലാ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതായിരിക്കും.

# 2018–19 വിശ്വാസപരിശീലന വർഷത്തിലെ അതിഭദ്രാസന റാങ്ക് ജേതാക്കൾ

## പത്താം ക്ലാസ്സ്



**Ist Rank**
Angel Elsa Varghese
Edamon
Punalur



**IInd Rank**
Neha Ann Roy
Mannanthala
Trivandrum



**IIIrd Rank**
Aneetta M Richard
Moonnammoodu
Trivandrum

## പന്ത്രണ്ടാം ക്ലാസ്സ്



**Ist Rank**
Riny Raju
Pattom
Trivandrum



**IInd Rank**
Manna Mariyam
Mathew
Cherukadavu
Punalur



**IIIrd Rank**
Aina S. Raichal
Podiyattuvila
Ayoor

**റാങ്ക് കരസ്ഥമാക്കിയവർക്കും വിജയികൾക്കും പ്രത്യേകം അഭിനന്ദനങ്ങൾ!**

## പൂർണ്ണ ശെമ്മാശ്ശപട്ടം സ്വീകരിച്ചു

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിനുവേണ്ടി ബ്രദർ ജോൺ ആലുവിള, ബ്രദർ ജോൺ പാലവിളകിഴക്കേതിൽ, ബ്രദർ സാമുവൽ തുണ്ടുവിള എന്നിവർ ശെമ്മാശ്ശപട്ടം 2019 മെയ് 24-ന് സെന്റ് അലോഷ്യസ് സെമിനാരി ചാപ്പലിൽ വച്ച് പത്തനംതിട്ട ഭദ്രാസനത്തിന്റെ പിൻതുടർച്ചാവകാശമുള്ള മെത്രാപ്പോലീത്ത അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനിയിൽ നിന്നും ശെമ്മാശ്ശപട്ടം സ്വീകരിച്ചു.

## മ്സമറോനോ - കോറൂയോ - ഹെവുപ്പദ്യാക്ക്നോ പട്ടങ്ങൾ

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിനുവേണ്ടി ബ്രദർ അൽഫോൺസ് പൊയ്കവിള, ബ്രദർ ജയിംസൺ കിഴക്കേവിള, ബ്രദർ ക്ലിം പരുക്കൂർ, ബ്രദർ ക്രിസ്റ്റി ചരുവിള എന്നിവർ ഹെവുപ്പദ്യാക്ക്നോ പട്ടവും, ബ്രദർ ജയിംസ് ചിറക്കരോട്ട്, ബ്രദർ അലോഷ്യസ് തെക്കേടത്ത്, ബ്രദർ ആന്റണി ചാമവിളയിൽ, ബ്രദർ ജേക്കബ് ചാലിൽ, ബ്രദർ സെബാസ്റ്റ്യൻ നിരപ്പുവിള, ബ്രദർ തോമസ് മണ്ണിക്കരോട്ട് എന്നിവർ കോറൂയോ പട്ടവും ബ്രദർ സാം വിളങ്ങര, ബ്രദർ റ്റൈറ്റസ് മൈലമൂട്ടിൽ, ബ്രദർ എബ്രഹാം വള്ളിപ്പറമ്പിൽ, ബ്രദർ മാത്യു ഇലവിനാൽ എന്നിവർ മ്സമറോനോ പട്ടവും 2019 മെയ് 30-ന് സെന്റ് അലോഷ്യസ് സെമിനാരി ചാപ്പലിൽ വച്ച് പത്തനംതിട്ട ഭദ്രാസനത്തിന്റെ പിൻതുടർച്ചാവകാശമുള്ള മെത്രാപ്പോലീത്ത അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനിയിൽ നിന്നും സ്വീകരിച്ചു.

## മേജർ സെമിനാരി ക്യാമ്പ്

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിനുവേണ്ടി വൈദിക പരിശീലനത്തിലായിരിക്കുന്ന മേജർ സെമിനാരി വൈദിക വിദ്യാർത്ഥികളുടെ ക്യാമ്പ് 2019 മെയ് 13, 14, 15 തീയതികളിൽ മുക്കംപാല മാർ ഗ്രിഗോറിയോസ് ഭവനിൽ നടന്നു. വെരി റവ. ഫാ. ഗീവർഗ്ഗീസ് നെടിയത്ത്, ബ്രദർ ജോൺ പോൾ എന്നിവർ ക്ലാസ്സ് നയിച്ചു. ക്രമീകരണങ്ങൾക്ക് സെമിനാരി റെക്ടർ വെരി റവ. ഡോ. ജോൺ കുറ്റിയിൽ നേതൃത്വം നൽകി.

# എം.സി.വൈ.എം

## യൂണിറ്റ് സർവ്വേ

മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ് തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ മേതൃത്വത്തിൽ മേജർ അതിഭദ്രാസനത്തിലെ യുവജനങ്ങളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനായി യൂണിറ്റ് സർവ്വേയ്ക്ക് തുടക്കം കുറിച്ചു. എല്ലാ യൂണിറ്റുകളിലേയും സർവ്വേ റിപ്പോർട്ട് ബുക്കുകൾ അതാത് വൈദികജില്ലകൾ 2019 ജൂൺ 16-ന് മുൻപ് ശേഖരിച്ച് അതിഭദ്രാസന സമിതിയെ ഏൽപിക്കേണ്ടതാണ്.

## പരിസ്ഥിതി ദിനാഘോഷം

മേജർ അതിഭദ്രാസന എം.സി.വൈ.എം.-ന്റെ നേതൃത്വത്തിൽ സഭാതലസമിതിയോട് ചേർന്നുനിന്നുകൊണ്ട് പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വിവിധ പരിപാടികൾ യൂണിറ്റ് തലത്തിൽ ക്രമീകരിക്കുവാൻ ഓർമപ്പെടുത്തുന്നു. മികച്ച പരിപാടികൾ യൂണിറ്റ് തലത്തിൽ കാഴ്ചവെക്കുന്ന മേജർ അതിഭദ്രാസനത്തിലെ മൂന്ന് യൂണിറ്റുകളെ 2019 അർദ്ധവാർഷിക സെനറ്റിലും ഏറ്റവും മികച്ച ഒരു യൂണിറ്റിനെ സഭാതല സമിതി വേദിയിലും പ്രത്യേകം അനുമോദിക്കുന്നതാണ്. ഓരോ യൂണിറ്റിലും നടത്തിയ പരിസ്ഥിനി ദിന പരിപാടിയുടെ അഞ്ചിൽ കൂടാതെ ഫോട്ടോകളും വിശദ റിപ്പോർട്ടുകളും ആണ് മികച്ച യൂണിറ്റിനെ തെരഞ്ഞെടുക്കുവാൻ മേജർ അതിഭദ്രാസനസമിതിക്ക് നൽകേണ്ടത്.

# Major Archieparchial Tribunal News

| Prot.No. | Petitioner/Respondent | Decision | Date |
|---|---|---|---|
| MAET-374/19 | Chinnamma T / David | Affirmative | 06/05/2019 |
| MAET- 376/19 | Sheny Edward / Chacko Daniel | Affirmative | 06/05/2019 |
| MAET- 380/19 | Athira Babu / Pasco Ouseph | Affirmative | 22/05/2019 |

## സ്റ്റാഫ് മീറ്റിംഗ്

സ്റ്റാഫ് മീറ്റിംഗ് 2019 മെയ് 5-ന് എം.എസ്സ്.എസ്സ്.എസ്സ്.-ൽ വച്ചു റവ. ഫാ. തോമസ് മുകളുംപുറത്തിന്റെ അദ്ധ്യക്ഷതയിൽ നടന്നു. ഏപ്രിൽ മാസത്തെ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ ചീഫ് പ്രോഗ്രാം കോർഡിനേറ്റർ ശ്രീ ബിജോയ് ജോസഫ് നേതൃത്വം നൽകി.

## SAFP - F.F.T ( Family Facilitation Team ) മീറ്റിംഗ്

സേവ് എ ഫാമിലി പ്ലാൻ പരിപാടിയുടെ F.F.T മീറ്റിംഗ് 2019 ഏപ്രിൽ 5-ൽ എം.എസ്സ്.എസ്സ്.എസ്സ്.-ൽ വച്ചു നടത്തപ്പെട്ടു. എം.എസ്സ്.എസ്സ്.എസ്സ്. ഡയറക്ടർ റവ. ഫാ. തോമസ് മുകളും പുറത്ത് അദ്ധ്യക്ഷത വഹിച്ചു. ചീഫ് പ്രോഗ്രാം കോർഡിനേറ്റർ ശ്രീ ബിജോയ് ജോസഫ്, ജിയാരാജ് എന്നിവർ മീറ്റിംഗിന് നേതൃത്വം നൽകി. ആനിമേറ്റേഴ്സ്മാരായ ശ്രീ. രാജുമോൻ, ശ്രീമതി ജെസ്സി രാജൻ, ശ്രീമതി പുഷ്പം ജോസ്, ശ്രീമതി സിമി എസ്., ശ്രീമതി ഷീല രാജൻ എന്നിവർ മീറ്റിംഗിൽ പങ്കെടുത്ത് പ്രവർത്തനറിപ്പോർട്ട് അവതരിപ്പിച്ചു.

## സെമിനാർ

2019 മെയ് 15-ന് മംഗലപുരം കാരമ്മൂട് ട്രെയിനിംഗ് സെന്ററിൽ വച്ചു കുട്ടികളിലെ സംസാര വൈകല്യങ്ങളെക്കുറിച്ച് നടന്ന സെമിനാർ സ്പീച്ച് തെറാപിസ്റ്റ് അഞ്ചു എം.പിള്ള മുഖ്യ പ്രഭാഷണം നടത്തി.

## SAFP കോർഡിനേറ്റർ ട്രെയിനിംഗ്

മെയ് 14, 15 16 തീയതികളിൽ കാലടി ഐശ്വര്യാഗ്രാമിൽ വച്ചു നടന്ന കോർഡിനേറ്റേഴ്സ് മീറ്റിംഗിൽ എം.എസ്സ്.എസ്സ്.എസ്സ്. നെ പ്രതിനിധികരിച്ച് കുമാരി ജിയാരാജ് പങ്കെടുത്തു.

## സെൻസ് ഇന്റർനാഷണൽ രക്ഷാകർത്തൃ സംഗമം

സെൻസ് ഇന്റർ നാഷണൽ പദ്ധതിയിലെ ഗുണഭോക്താക്കളുടെ രക്ഷകർത്താക്കളുടെ മീറ്റിംഗ് 2019 മെയ് 15-ന് തിരുവന

ന്തപുരം സെന്ററിലും, മെയ് 18-ന് കന്യാകുമാരി കിരാത്തൂർ സെന്ററിൽ വച്ചും നടന്നു. റവ. ഫാ. തോമസ് മുകളുംപുറത്ത് പ്രസ്തുത മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. ചീഫ് പ്രോഗ്രാം കോർഡിനേറ്റർ ശ്രീ. എബിൻ എസ്. നേതൃത്വം നൽകി.

## SAFP റീജണൽ മീറ്റിംഗ്

SAFP പദ്ധതിയുടെ അഞ്ചൽ മേഖലാതല മീറ്റിംഗ് അഞ്ചൽ സെന്റ് ജോൺസ് സ്കൂളിൽ വച്ചു 2019 മെയ് 21-ന് നടന്നു. പ്രസ്തുത മീറ്റിംഗിൽ റവ. ഫാ. തോമസ് മുകളുംപുറത്ത് അദ്ധ്യക്ഷനായിരുന്നു. കോർഡിനേറ്റർ ജിയാരാജ്, ആനിമേറ്റർ ശ്രീ. രാജുമോൻ എന്നിവർ മീറ്റിംഗിന് നേതൃത്വം നൽകി.

## LF (Liliane Fonds) മീറ്റിംഗ്

ലിലിയൻസ് ഫോണ്ട്സ് പദ്ധതിയുടെ സഹായത്തോടെ വികലാംഗരായ കുട്ടികൾക്ക് വേണ്ടി നടപ്പിലാക്കി വരുന്ന ബോധവൽക്കരണ പരിപാടിയും, പരിശീലനവും 2019 മെയ് 18-ന് കന്യാകുമാരി കിരാത്തൂർ സെന്ററിൽ വച്ചു നടന്നു. ചൈൽഡ് പ്രൊട്ടക്ഷൻ കൗൺസിലർ ശ്രീമതി മഞ്ചു ക്ലാസുകൾ നയിച്ചു.

2019 മെയ് 21-ന് അഞ്ചൽ കേന്ദ്രീകരിച്ചും സമാനമായ ബോധവൽക്കരണ ക്ലാസും, പരിശീലനവും നടന്നു. നിഷിൽ നിന്നും ശ്രീമതി ആര്യ എസ്. ക്ലാസുകൾ നയിച്ചു. പ്രസ്തുത പരിപാടികൾക്ക് കോർഡിനേറ്റർ ഡോ. രാഖി നേതൃത്വം നൽകി.

## റിവ്യൂ മീറ്റിംഗ്

DDU - GKY പദ്ധതിയുടെ 1-ാം ഘട്ടത്തിന്റെയും 4-ാം ഘട്ടത്തിന്റെയും റിവ്യൂമീറ്റിംഗ് മെയ് 21, 22 തീയതികളിൽ മുറിഞ്ഞപാലം മൈഗ്രേഷൻ സെന്ററിൽ വച്ചു നടന്നു. എം.എസ്സ്.എസ്സ്.എസ്സ്.-നെ പ്രതിനിധികരിച്ച് സ്റ്റേറ്റ് ഹെഡ് ശ്രീ. ജോർജ്ജ് ഡാനിയേൽ പങ്കെടുത്തു.

## SAFP കുടുംബ സഹായ പദ്ധതി

SAFP കുടുംബ പദ്ധതിയിൽ നിന്നും 2019 മെയ് 24-ന് വിവിധ തൊഴിൽ പദ്ധതികൾക്കു വേണ്ടി അഞ്ചൽ, ബാലരാമപുരം, നെടുമങ്ങാട്, പോത്തൻകോട് എന്നീ റീജണുകളിലെ 40 കുടുംബങ്ങൾക്ക് ധനസഹായം നൽകി.

## സെൻസ് ഇന്റർനാഷണൽ ബധിരാന്ധത പ്രോജക്ട് ഇവാലുവേഷൻ മീറ്റിംഗ്

മെയ് 28, 29, 30 തീയതികളിൽ സെൻസ് പ്രോഗ്രാമിന്റെ ഫീൽഡ് ഇവാല്യൂവേഷനും, സെന്റർ സന്ദർശനവും നടന്നു. പ്രോഗ്രാം മാനേജർ ശ്രീ. രാജേഷ് ജോസഫ് പ്രോജക്ട് വിലയിരുത്തലിന് നേതൃത്വം നൽകി.

## ബാലരാമപുരം മേഖല മീറ്റിംഗ്

SAFP പദ്ധതിയുടെ ബാലരാമപുരം മേഖല മീറ്റിംഗ് 2019 മെയ് 31-ന് ബാലരാമപുരം നസ്രത്ത് ഹോമിൽ വച്ച് മേഖലാതല പ്രവർത്തന വിലയിരുത്തൽ നടത്തി. തുടർന്ന് ലിലിയാൻസ് ഫോണ്ട്സ് പദ്ധതിയുടെ ബോധവൽക്കരണ പരിപാടിയും, സെൻസ് ഇന്റർ നാഷണൽ പരിപാടിയുടെ ബോധവൽക്കരണവും നടത്തി. പ്രസ്തുത പരിപാടികൾക്ക് റവ. ഫാ. തോമസ് മുകളുംപുറത്ത് അദ്ധ്യക്ഷത വഹിച്ചു. കോർഡിനേറ്റർമാരായ കുമാരി ജിയാ രാജ്, ഡോ. രാഖി, ശ്രീമതി ജയചിത്ര എന്നിവർ നേതൃത്വം നൽകി.

## വിവിധ ധന സഹായങ്ങൾ

കുടുംബ സഹായ പദ്ധതിയിൽ 40 കുടുംബങ്ങൾക്ക് 3,40,000 രൂപയും

ഇൻഷുറൻസ് വഴിയുള്ള മരണാനന്തര സഹായമായി 4 കുടുംബങ്ങൾക്ക് 63,000 രൂപയും

വൈദ്യ സഹായങ്ങളും, മറ്റു സഹായവുമായി 10,500 രൂപയും നൽകി.

# കുടുംബ പ്രേഷിത കാര്യാലയം

## വിവാഹ ഒരുക്ക സെമിനാർ

| | | |
|---|---|---|
| 2019 ജൂൺ 8, 9, 10 | – | മാർ ഗ്രിഗോറിയോസ് റിന്യൂവൽ സെന്റർ, നാലാഞ്ചിറ |
| 2019 ജൂലൈ 12, 13, 14 | – | മാർ ഗ്രിഗോറിയോസ് റിന്യൂവൽ സെന്റർ, നാലാഞ്ചിറ |

# ഇടയനാളാഗമം

## മെയ് 2019

## (പ്രധാന പരിപാടികൾ)

**മെയ് 1**

രാവിലെ 7.00-ന് പള്ളിപ്പുറം സെന്റ് ജോസഫ്സ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

10.00-ന് കാതോലിക്കേറ്റ് സെന്ററിൽ അൺ എയ്ഡഡ് സ്കൂൾ മാനേജ്മെന്റ് അസോസിയേഷൻ - USMAC സമ്മേളനം ഉദ്ഘാടനം ചെയ്തു.

ഉച്ചയ്ക്ക് 12.30-ന് പിരപ്പൻകോട് വച്ച് മൗണ്ട് കാർമ്മൽ ധ്യാനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന അപ്പസ്തോലിക് സ്കൂൾ ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം 6.15-ന് പട്ടം സെന്റ് മേരീസ് സ്കൂളിൽ യുവ ജനസംഗമം - *FIESTA* ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

**മെയ് 2**

രാവിലെ 11.00-ന് കറവൂർ സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ ബഹു. ജോർജ്ജ് താന്നിമൂട്ടിൽ അച്ചന്റെ സഹോദരൻ അഖിൽ താന്നിമൂട്ടിലിന്റെയും പ്രിൺസിയുടെയും വിവാഹം ആശീർവദിച്ചു.

വൈകുന്നേരം 7.45-ന് *FIESTA* - യുവജനസംഗമത്തിൽ സംബന്ധിച്ചു.

**മെയ് 3**

രാവിലെ 7.00-ന് വെള്ളാനിക്കൽ തിരുഹൃദയ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

10.30-ന് പട്ടം തിരുസന്നിധി അരമനയിൽ യു.എ.ഇ. കൗൺസിലർ ഡോ. അഹമ്മദ് അൽ ബത്തേ സ്വീകരിച്ചു, കൂടിക്കാഴ്ച നടത്തി.

ഉച്ചകഴിഞ്ഞ് 2.00-ന് പോങ്ങുംമൂട് ഡി.എം. പ്രൊവിൻഷ്യൽ ഹൗസിൽ നിര്യാതയായ, സി. ഫ്രാൻസീനായുടെ ശവസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

വൈകുന്നേരം 7.00-ന് *FIESTA* - യുവജനസംഗമത്തിൽ സംബന്ധിച്ചു.

**മെയ് 4**

രാവിലെ 9.00-ന് തിരുവല്ല OSS - ജനറലേറ്റിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച വചനസന്ദേശം നൽകി.

ഉച്ചകഴിഞ്ഞ് 3.30-ന് പെരിങ്ങനാട് സെന്റ് ജോർജ്ജ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിന്റെ മൂറോൻ കൂദാശയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

വൈകുന്നേരം 8.00-ന് *FIESTA* - യുവജനസംഗമത്തിൽ സംബന്ധിച്ചു.

**മെയ് 5**

രാവിലെ 7.00-ന് പട്ടം സെന്റ് മേരീസ് സ്കൂളിൽ *FIESTA* - യിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

വൈകുന്നേരം 4.00-ന് അതിരുങ്കൽ സെന്റ് ജോർജ്ജ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

**മെയ് 6**

രാവിലെ 8.00-ന് പോങ്ങുംമൂട് ഡി.എം. പ്രൊവിൻഷ്യൽ ഹൗസിൽ സന്ന്യാസിനി അർത്ഥിനികളുടെ പ്രഥമ വ്രതവാഗ്ദാനത്തിനും ജൂനിയർ സിസ്റ്റേഴ്സിന്റെ നിത്യ വ്രതവാഗ്ദാനത്തിനും മുഖ്യകാർമ്മികത്വം വഹിച്ചു.

വൈകുന്നേരം 7.00-ന് ബഥനി നവജീവൻ സ്കൂളിൽ വച്ച് നടന്ന കൃപാഭിഷേക ധ്യാനത്തിൽ സംബന്ധിച്ച് വചനസന്ദേശം നൽകി.

**മെയ് 8**

രാവിലെ 7.00-ന് വേറ്റിനാട് മൗണ്ട് കാർമ്മൽ റിട്രീറ്റ് സെന്ററിൽ പണികഴിപ്പിക്കുന്ന വൈദികമന്ദിരത്തിന്റെ ശിലാസ്ഥാപനം നിർവ്വഹിച്ചു.

11.30-ന് നിര്യാതനായ പ്രൊഫ. ഡോ. എൻ. ആർ. മാധവമേനോന്റെ വസതിയിലെത്തി അന്ത്യോപചാരമർപ്പിച്ചു.

**മെയ് 9-10**

ബാംഗ്ലൂർ സെന്റ് ജോൺസ് മെഡിക്കൽ കോളേജിൽ നടന്ന സി.ബി.സി.ഐ. യുടെ സ്റ്റാന്റിംഗ് കമ്മറ്റി യോഗത്തിൽ സംബന്ധിച്ചു.

**മെയ് 11**

രാവിലെ 11.00-ന് നാലാഞ്ചിറ ഗിരിദീപം കൺവെൻഷൻ സെന്ററിൽ നടന്ന ബഥനി സന്ന്യാസ സമൂഹത്തിന്റെ ശതാബ്ദി ആഘോഷം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

ഉച്ചകഴിഞ്ഞ് 4.15-ന് കഴക്കൂട്ടത്ത് വച്ച് നടന്ന പകലോമറ്റം കുടുംബയോഗത്തിന്റെ തിരുവനന്തപുരം ചാപ്റ്റർ യോഗത്തിൽ മുഖ്യാതിഥിയായി പങ്കെടുത്തു.

**മെയ് 12**

രാവിലെ 8.30-ന് കിഴക്കുപുറം സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വചനസന്ദേശം നൽകി.

ഉച്ചകഴിഞ്ഞ് 2.30-ന് മണ്ണൂർ സെന്റ് ജോർജ്ജ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിന്റെ കൂദാശയ്ക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു.

**മെയ് 17**

ഉച്ചകഴിഞ്ഞ് 3.00-ന് കാതോലിക്കേറ്റ് സെന്ററിൽ നടന്ന ബഹു. വൈദികരുടെയും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെയും സംയുക്തയോഗത്തിൽ സംബന്ധിച്ച് സമാപനസന്ദേശം നൽകി.

**മെയ് 24**

ഉച്ചകഴിഞ്ഞ് 3.00-ന് മല്ലപ്പള്ളി സെന്റ് ഫ്രാൻസിസ് സേവ്യർ ദൈവാലയത്തിൽ ബഹു. പീലിപ്പോസ് നടമലയിലച്ചന്റെ കബറടക്ക ശുശ്രൂഷയുടെ ഒന്നാം ക്രമത്തിന് മുഖ്യകാർമ്മികത്വം വഹിച്ച് അനുശോചന സന്ദേശം നൽകി.

**മെയ് 27**

രാവിലെ 8.00-ന് പട്ടം തിരുസന്നിധി അരമനയിൽ രാജ്യ സഭ എം.പി. ശ്രീ. വി. മുരളീധരനെ സ്വീകരിച്ചു.

രാവിലെ 11.00-ന് സെന്റ് മേരീസ് കത്തീഡ്രലിൽ താഴവിള വല്ല്യേതിൽ ജോസഫ് മാമ്മൻ ജേക്കബിന്റെയും അനീറ്റയുടെയും വിവാഹം ആശീർവദിച്ചു.

ഉച്ചകഴിഞ്ഞ് പട്ടം തിരുസന്നിധി അരമനയിൽ വച്ച് എം.പി. ശ്രീ. ഡീൻ കുര്യാക്കോസുമായി കൂടിക്കാഴ്ച നടത്തി.

വൈകുന്നേരം 6.00-ന് മലങ്കര മേജർ സെമിനാരിയിൽ ബഹു. വൈദികരെ അഭിസംബോധന ചെയ്ത് സംസാരിക്കുകയും പരിശീലനക്രമം ചർച്ച ചെയ്യുകയും ചെയ്തു.

വൈകുന്നേരം 8.00-ന് കാതോലിക്കേറ്റ് സെന്ററിൽ ബഹു. എബ്രഹാം കരിമ്പനാംമണ്ണിൽ അച്ചന്റെ 70-ാം ജന്മദിനാഘോഷത്തിൽ സംബന്ധിച്ച് ആശംസകൾ അർപ്പിച്ചു.

**മെയ് 28**

രാവിലെ 8.00-ന് രാജ്യസഭ എം.പി. ശ്രീ. ജോസ് കെ. മാണിയെ പട്ടം തിരുസന്നിധി അരമനയിൽ സ്വീകരിച്ചു.

തുടർന്ന് ശ്രീ. കൊടിക്കുന്നിൽ സുരേഷ്, ശ്രീ. ബെന്നി ബഹനാൻ തുടങ്ങിയ പുതിയ എം.പി. മാരുമായി കൂടിക്കാഴ്ച നടത്തി.

ഉച്ചയ്ക്ക് 12.00-ന് ചങ്ങനാശ്ശേരി അതിരൂപതയുടെ സഹായമെത്രാൻ അഭിവന്ദ്യ തോമസ് തറയിൽ പിതാവുമായി പട്ടം തിരുസന്നിധി അരമനയിൽ കൂടിക്കാഴ്ച നടത്തി.

വൈകുന്നേരം 5.00-ന് ശ്രീ. ആന്റോ ആന്റണി എം.പി.യെ അരമനയിൽ സ്വീകരിച്ചു.

**മെയ് 29**

രാവിലെ 10.00-ന് മുൻ മുഖ്യമന്ത്രിയും എം.എൽ.എ. യുമായ ശ്രീ. ഉമ്മൻചാണ്ടിയുമായി പട്ടം തിരുസന്നിധി അരമനയിൽ കൂടിക്കാഴ്ച നടത്തി.

**മെയ് 31**

വൈകുന്നേരം 6.00-ന് പാളയം മുസ്ലീം പള്ളി ക്രമീകരിച്ച ഇഫ്താർ വിരുന്നിൽ സംബന്ധിച്ചു.

# ജന്മദിനാശംസകൾ

## ജൂൺ 2019

08 – റവ. ഫാ. അനുജോസ് കുന്നിൽ

15 – റവ. ഫാ. ജെയ്സൺ താഴതിൽ

19 – റവ. ഫാ. ആന്റണി വയലിക്കരോട്ട്

22 – റവ. ഫാ. ജോസ് വാലുപറമ്പിൽ

22 – റൈറ്റ്. റവ. മോൺ. ജോൺസൺ കൈമലയിൽ കോറെപ്പിസ്കോപ്പാ

25 – റവ. ഫാ. മാത്യു ചാർത്താക്കുഴി

25 – റവ. ഫാ. ജോർജ്ജ് താന്നിമൂട്ടിൽ

27 – റൈറ്റ്. റവ. തോമസ് കുമ്പുക്കാട്ട് കോറെപ്പിസ്കോപ്പാ

29 – വെരി. റവ. ഫാ. ജോസ് കിഴക്കേടത്ത്

# പ്രാർത്ഥനയിൽ ഓർക്കാം

## ജൂൺ 2019

01 – റവ. ഫാ. ലൂക്കോസ് മണ്ണിക്കരോട്ട്

02 – റവ. ഫാ. ജേക്കബ് കിളന്നമണ്ണിൽ

02 – റവ. ഫാ. ഫിലിപ്പോസ് മേടയിൽ

06 – റവ. ഫാ. തോമസ് അയിരുക്കുഴി

06 – റവ. ഫാ. ജേക്കബ് ഞായല്ലൂർ

25 – റവ. ഫാ. ജോഷ്വാ പീടികയിൽ കോർ എപ്പിസ്കോപ്പാ

26 – റവ. ഫാ. ജേക്കബ് മുളപ്പംപള്ളിൽ

# സ്മരണീയ ദിനങ്ങൾ

## 2019 ജൂൺ

| | | |
|---|---|---|
| 1 | ശനി | വി. ജസ്റ്റിൻ |
| 2 | **ഞായർ** | **ഉയിർപ്പിനു ശേഷം ആറാം ഞായർ** |
| 5 | ബുധൻ | വി. ബോനിഫസ് |
| 8 | ശനി | വാഴ്ത്തപ്പെട്ട മറിയം ത്രേസ്യാ |
| 9 | **ഞായർ** | **പെന്തിക്കോസ്തിപ്പെരുന്നാൾ (വികാരിക്കുർബാന)** |
| 11 | ചൊവ്വ | **മാർ ബർത്തുൽമായി ശ്ലീഹായും, മാർ ബർണബാസും അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് തിരുമേനിയുടെ നാമഹേതുകത്തിരുന്നാൾ**<br>**മലങ്കര സുറിയാനി കത്തോലിക്കാ ഹൈരാർക്കി സ്ഥാപനദിനം (1932)**<br>**തിരുവനന്തപുരം അതിഭദ്രാസനത്തിന്റെയും (1932), തിരുവല്ല ഭദ്രാസനത്തിന്റെയും സ്ഥാപനം (1932)** |
| 12 | ബുധൻ | മാർ യാക്കോബ് ശ്ലീഹാ ആദ്യമായി വി. കുർബാന അർപ്പിച്ചതിന്റെ ഓർമ്മ. |
| 13 | വ്യാഴം | പാദുവായിലെ വി. അന്തോണിയോസ് |
| 14 | വെള്ളി | സ്വർണ്ണവെള്ളിയാഴ്ച<br>ഏലീശാ നിബിയ |
| 15 | ശനി | **വി. ദൈവമാതാവിന്റെ നാമത്തിൽ പ്രഥമ ദൈവാലയം സ്ഥാപിച്ചതിന്റെ ഓർമ്മ** |
| 16 | **ഞായർ** | **പെന്തിക്കൊസ്തിക്കുശേഷം ഒന്നാം ഞായർ**<br>**ശ്ലീഹാ നോമ്പാരംഭം** |
| 18 | ചൊവ്വ | **മാർ അപ്രേം മല്പാൻ** |
| 19 | ബുധൻ | **മാർ യൂദാ തദ്ദായി ശ്ലീഹാ** |
| 21 | വെള്ളി | വി. അലോഷ്യസ് ഗോൺസാഗ |
| 23 | **ഞായർ** | **പെന്തിക്കൊസ്തിക്കുശേഷം രണ്ടാം ഞായർ** |
| 24 | തിങ്കൾ | **യോഹന്നാൻ മാംദാനായുടെ ജനനം.**<br>**ചേപ്പാട്ട് ഫീലിപ്പോസ് റമ്പാന്റെ ഓർമ്മ** |
| 27 | വ്യാഴം | **അഭിവന്ദ്യ യാക്കോബ് മാർ തെയോഫിലോസ് തിരുമേനിയുടെ ഓർമ്മ (1956)** |
| 28 | വെള്ളി | തിരുഹൃദയത്തിരുന്നാൾ (ലത്തീൻക്രമം)<br>മാർ ഐറേനിയോസ്<br>**അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനിയുടെ നാമഹേതുക തിരുന്നാൾ** |

| | | |
|---|---|---|
| 29 | ശനി | മാർ പത്രോസ്, മാർ പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മ<br>ശ്ലീഹാ നോമ്പുവീടൽ<br>വികാരിക്കുർബാന<br>സെന്റ് മേരീസ് മലങ്കര സെമിനാരി സ്ഥാപന ദിനം (1989)<br>അഭിവന്ദ്യരായ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനി യുടെയും (1998) ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനിയുടെയും മെത്രാഭിഷേക വാർഷികം (1998)<br>അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് തിരുമേനിയുടെ നാമഹേതുക തിരുന്നാൾ |
| 30 | ഞായർ | പെന്തിക്കോസ്തിക്കുശേഷം മൂന്നാം ഞായർ<br>പന്ത്രണ്ടു ശ്ലീഹൻമാർ |

# ആദരാഞ്ജലികൾ

## റവ. ഫാ. പീലിപ്പോസ് നടമലയിൽ



നിലയ്ക്കൽ കേന്ദ്രമായി പ്രവർത്തിക്കുന്ന ചായൽപ്പടി ആശ്രമ സ്ഥാപകൻ വെരി റവ. ഫാ. പീലിപ്പോസ് നടമലയിൽ നിര്യാതനായി. ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ കബറിങ്കലേക്ക് പദയാത്ര ആരംഭിച്ച നാൾ മുതൽ അതിനായി വള്ളിക്കുരിശ് തയ്യാറാക്കി നൽകിയിരുന്നത് ബഹു. അച്ചനാണ്.

കബറടക്ക ശുശ്രൂഷയുടെ ആദ്യക്രമം അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ മല്ലപ്പള്ളി സെന്റ് ഫ്രാൻസിസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ നടന്നു. അഭിവന്ദ്യരായ യൂഹാനോൻ മാർ ക്രിസോസ്റ്റം, ജോഷ്വാ മാർ ഇഗ്നാത്തിയോസ്, സാമുവൽ മാർ ഐറേനിയോസ് എന്നീ തിരുമേനിമാർ കബറടക്ക ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

**മേജർ അതിഭദ്രാസനത്തിന്റെ ആദരാജ്ഞലികൾ!**

# അത്യഭിവന്ദ്യ കാതോലിക്കാബാവായുടെ പ്രോഗ്രാം

## ജൂൺ 2019

| | | | |
|---|---|---|---|
| 1 | 10.00 | am | മൗണ്ട് കാർമ്മൽ, വേറ്റിനാട് |
| | | | (പെന്തിക്കൊസ്തി ഒരുക്കം) |
| 2 | 7.30 | am | ഇളമാട് |
| | | | മൗണ്ട് കാർമ്മൽ |
| 3 | | | മൗണ്ട് കാർമ്മൽ |
| | 6.00 | pm | കാതോലിക്കേറ്റ് സെന്റർ |
| 4 | 6.30 | am | സെന്റ് അലോഷ്യസ് മൈനർ സെമിനാരി |
| 7 | | | മൗണ്ട് കാർമ്മൽ |
| | 6.00 | pm | ബിഷപ്പ്സ് ഹൗസ്, പത്തനംതിട്ട |
| 8 | 8.00 | am | കത്തീഡ്രൽ, പത്തനംതിട്ട |
| | | | മൗണ്ട് കാർമ്മൽ |
| 9 | | | മൗണ്ട് കാർമ്മൽ |
| 10 | 9.30 | am | കറവൂർ |
| 11 | 6.00 | pm | ബിഷപ്പ്സ് ഹൗസ്, മൂവാറ്റുപുഴ |
| 12 | 8.00 | am | കത്തീഡ്രൽ, മൂവാറ്റുപുഴ |
| 13 | 3.30 | pm | പട്ടം കത്തീഡ്രൽ |



മേരിമക്കൾ സന്ന്യാസിനി സമൂഹത്തിലെ സെന്റ് മേരീസ് പ്രൊവിൻസിൽ നിത്യവ്രതവാഗ്ദാനം ചെയ്ത
സി. അനറ്റ് മേരി, സി. നിർമ്മൽ മേരി, ആദ്യവ്രതവാഗ്ദാനം ചെയ്ത സി. സ്റ്റാനിയ തെരേസ്,
സി. ക്ലാര ഫ്രാൻസിസ്, സി. റോസിയ മേരി, സി. ക്രിസ്റ്റാ ഗ്രെയ്സ് എന്നിവർ
അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയോടൊപ്പം (6 മെയ് 2019, പോങ്ങുംമൂട്)



അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി കൂദാശ ചെയ്ത
മണ്ണൂർ സെന്റ് ജോർജ്ജ് ദൈവാലയം (12 മെയ് 2019, മണ്ണൂർ)



ഷഷ്ഠിപൂർത്തിയിലേയ്ക്ക് പ്രവേശിക്കുന്ന (15 – 6 – 2019)
അത്യഭിവന്ദ്യ ബാവാതിരുമേനിക്ക് മേജർ അതിഭദ്രാസനത്തിന്റെ
പ്രാർത്ഥനാമംഗളങ്ങൾ

Printed and Published by the Chancellor, Major Archdiocese of Trivandrum

Printed at St. Mary's Press, Pattom, Trivandrum - 4
Phone : 0471 - 2446116